
# ജാമക്കാരൻ

W
A
T
C
H
M
A
N



കാ
വ
ൽ
ക്കാ
ര
ൻ

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

✆ 0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



കർത്താവിൽ പ്രീയ ജാമക്കാരൻ വായനക്കാർക്കെല്ലാവർക്കും ജീവനുള്ള ദൈവത്തിന്റെ സമാധാനം വർദ്ധിച്ചു വരുമാറാകട്ടെ!

മാർച്ച് മാസത്തിൽ പരീക്ഷ എഴുതുന്നതായ 10,11,12 സ്റ്റാർഡേർഡ് വിദ്യാർത്ഥികൾക്കായി, പ്രാർത്ഥിക്കുവാൻ അപേക്ഷിച്ചുകൊണ്ട് ധാരാളം കത്തുകൾ ലഭിക്കുകയുണ്ടായി. പലർക്കും ടെലിഫോൺ മുഖാന്തിരം നേരിൽ പ്രാർത്ഥിച്ചു.

നമ്മുടെ കുഞ്ഞുങ്ങളെ അവധിക്കാലത്തിൽ അവിടവിടെയായി നടത്തിവരുന്ന അവധിക്കാല വേദപാഠക്ലാസുകളിൽ (V.B.S) പഠിക്കുവാൻ വിടണം. കൂടാതെ അവധി ദിവസങ്ങളിൽ കുട്ടികൾക്ക് വായിക്കുവാൻ രക്തസാക്ഷികളായവരുടെയും, മിഷനറിമാരുടെയും ജീവചരിത്രപുസ്തകങ്ങൾ വാങ്ങി നൽകി. വായിക്കുവാൻ പ്രേരിപ്പിക്കണം. വീട്ടിലുള്ള മുതിർന്നവർ അല്ലെങ്കിൽ മാതാപിതാക്കൾ കുട്ടികളോട് വായിച്ചത്, മനസ്സിലാക്കിയത് തിരിച്ച് കഥ കേൾക്കുന്നതുപോലെ കേൾക്കുക. അപ്രകാരം ചെയ്യുന്നതുമൂലം കുഞ്ഞുങ്ങൾ വായിച്ചത് മനസ്സിൽ പതിയുകയും വളർന്ന് വരുന്തോറും ആത്മീക വളർച്ചയ്ക്ക് സഹായിക്കുകയും ചെയ്യും. യുവജനങ്ങൾക്കായി പ്രത്യേക ആത്മീക കൂട്ടായ്മകൾ അവടവിടെയായി നടക്കുന്നത് അന്വേഷിച്ച് കണ്ടുപിടിച്ച് അവിടെ അയച്ചിട്ട് അവർ മാനസാന്തര അനുഭവം പ്രാപിക്കുന്നതിനായ് മാതാപിതാക്കൾ ഭാരത്തോടെ പ്രാർത്ഥിക്കേണ്ടതാണ്.

11–ാം ക്ലാസുമുതൽ കോളേജ് വിദ്യാഭ്യാസം വരെ യൗവനക്കാരുടെ പരീക്ഷണഘട്ടം തുടങ്ങുകയാണ്. മാനസാന്തരത്തോടുകൂടെ. 11–ാം ക്ലാസ് അഥവാ കോളേജ് വിദ്യാഭ്യാസതയതിലേക്ക് പ്രവേശിച്ചാൽ യാതൊരുവിധമായ പ്രലോഭനങ്ങളിലും അകപ്പെടാതെ സൂക്ഷിക്കപ്പെടും. അവർക്കും തങ്ങളെത്തന്നെ സൂക്ഷിക്കുവാൻ കഴിയും.

**ആധുനിക കാലത്തിലെ യൗവ്വനക്കാർ**

പണ്ടത്തെപ്പോലെ ഇപ്പോൾ കുഞ്ഞുങ്ങളെ മാതാപിതാക്കൾക്ക് നിയന്ത്രിക്കുവാനോ, തങ്ങളുടെ ആജ്ഞാനുവർത്തികളാക്കി വളർത്തുവാനോ സാധിക്കുന്നില്ല. പാപം ചെയ്യുന്നതിനായി വെളിയിൽപോകാതെ, വീട്ടിനുള്ളിൽത്തന്നെ പാപത്തിൽ അകപ്പെടാൻ ആധുനിക സാഹചര്യങ്ങളുണ്ട്. ശാരീരിക ബന്ധത്തിലേർപ്പെടാതെതന്നെ മനസ്സിൽ പാപത്തിനെ രസിച്ച്, രുചിച്ച് സ്വയം പാപത്തിൽ അകപ്പെടാൻ സാത്താൻ പലനൂതനവഴികളും യൗവനക്കാർക്കായി ഒരുക്കിവച്ചിട്ടുണ്ട്.

# APRIL 2015

പ്രധാനമായി, Laptop, Tablet, Mobile Phone,Computer, മുതലായ ആധുനിക ഉപകരണങ്ങൾ മൂലം പാപം ചെയ്യുവാൻ നൂതനപദ്ധതി ഒരുക്കിയിരിക്കുന്നു. അവയിലൊന്നും നമ്മുടെ പൈതങ്ങൾ അകപ്പെടാതിരിക്കുവാൻ നാം കരുതലോടെയിരിക്കേണ്ടതാണ്. പാപത്തെ ചിന്തയിൽ കൊണ്ടുവന്നിട്ട് പിന്നീട് ശാരീരികമായി മലിനപ്പെടുത്തുവാൻ പിശാച് ശ്രമിക്കും. പിശാചിന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ എന്ന് തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. അതായത് ശത്രു ഏതൊക്കെ രൂപത്തിൽ, വിധത്തിൽ, നമ്മുടെ പൈതങ്ങളെ നശിപ്പിക്കുവാൻ വരും എന്നുള്ളത് നാം പ്രാർത്ഥിച്ച് അറിഞ്ഞ് പൈതങ്ങളെ ജാഗ്രതയോടെ വളർത്തുക. നിങ്ങൾ അവർക്ക് ടെലിവിഷൻ (TV)കാണുന്നതിന് വിലക്കേർപ്പെടുത്തിയാലും. നല്ല കുഞ്ഞുങ്ങളെപ്പോലെ അനുസരണയുള്ളവരായി ഭാവിച്ച്, മുറിയിൽ കയറി, ഏത് കാണരുതെന്ന് പറയുന്നുവോ, അത് അത്രയും മൊബൈൽ ഫോൺ മുഖേന കാണുവാൻ സാധിക്കും. ഇതിനായി കുഞ്ഞുങ്ങളെ കൂട്ടുകാർ പലവിധത്തിലും സഹായിക്കും. കാണരുത് എന്ന് കർശനപ്പെടുത്തുമ്പോൾ അവരുടെ ദേഷ്യത്തെ നേരിൽ കാണിക്കാതെ പല പ്രവർത്തികൾ മൂലം നിങ്ങളോടുള്ള ദേഷ്യം പ്രകടിപ്പിക്കും. അത് നിങ്ങളെ വളരെയധികം വേദനിപ്പിക്കും.

നിന്റെ യൗവനകാലത്ത് നിന്റെസ്രഷ്ടാവിനെ ഓർത്തുകൊൾക. സഭാ പ്ര: 12-ൽ ജ്ഞാനിയായ ശലോമോൻ എന്ത് അർത്ഥവത്തായാണ് എഴുതിയിരിക്കുന്നത്. ബാല്യപ്രായത്തിൽ തന്നെനമ്മുടെ പൈതങ്ങൾ മാനസാന്തരത്തിന്റെ അനുഭവം പ്രാപിക്കുകയാണെങ്കിൽ മാതാപിതാക്കളുടെ ഭാരം കുറയും. കുഞ്ഞുങ്ങളെ ക്കുറിച്ചുള്ള നിങ്ങളുടെ ഭയം കുറയും. അതുകൊണ്ട് അവധി ദിനങ്ങളിൽ മാനസാന്തരത്തിലേക്കു വഴി നടത്തുന്ന മാർഗ്ഗങ്ങൾ അന്വേഷിച്ച് പൈതങ്ങളെ അതിലേക്ക് വിടുവാൻ ഏർപ്പാടുകൾ ചെയ്യുക.

വരുന്നതായ ദിനങ്ങൾ നമ്മുടെ ബാല്യക്കാർക്ക് വളരെ ആപത്തായ കാലമാണ്. ബാല്യപ്രായത്തിലെ കുഞ്ഞുങ്ങൾക്ക് വേഗത കൂടിയ മോട്ടോർസൈക്കിൾ വാങ്ങിക്കൊടുക്കരുത്. കൂട്ടുകാരുടെ കൂടെ മോട്ടോർ സൈക്കിൾ സവാരി അനുവദിക്കുകയുമരുത്. വേഗതയേറിയ വാഹനയാത്ര പൈതങ്ങൾക്ക് വളരെ ഇഷ്ടമാണ്. അത് അവരുടെ ജീവന് ആപത്തായി മാറും. ഏറിയ പങ്ക് മാതാപിതാക്കളും തങ്ങളുടെ കുഞ്ഞുങ്ങളുടെ അനുസരണയില്ലാത്ത പ്രവൃർത്തികൾ കണ്ട് കണ്ണുനീർ ഒഴുക്കിക്കൊണ്ടിരിക്കുന്നു. ഒരിക്കൽ കുഞ്ഞുങ്ങളില്ലാതെ കുഞ്ഞുങ്ങൾ വേണം എന്ന് കണ്ണീരോടെ പ്രാർത്ഥിച്ചു; എന്നാൽ ഇപ്പോൾ എന്തിന് ഇപ്രകാരമുള്ള കുഞ്ഞുങ്ങളെ പ്രസവിച്ചു എന്ന് സമാധാനമില്ലാതെ ഭാരപ്പെടുന്നു.

പ്രത്യേകിച്ച് വിദേശത്ത് ജീവിക്കുന്ന മാതാപിതാക്കൾ, ബോർഡിംഗ്കളിലോ, കോളേജ് ഹോസ്റ്റലുകളിലോ പഠിക്കുന്നതായ തങ്ങളുടെ കുഞ്ഞുങ്ങളെക്കുറിച്ച് കരയാത്ത ദിവസങ്ങളില്ല. മാതാപിതാക്കളുടെ നേരിട്ടുള്ള സംരക്ഷണയിലില്ലാത്ത പൈതങ്ങൾ പാപം ചെയ്തില്ലാ എങ്കിലും ദൈവത്തെ മറന്നു ജീവിക്കുന്ന അവസ്ഥയുണ്ട്. വീട്ടിൽ മാതാപിതാക്കൾ പൈതങ്ങൾക്കായി കണ്ണീരോടെ പ്രാർത്ഥിക്കുന്നു. അതേ സമയം, ആ വീട്ടിലെ പൈതങ്ങൾ പ്രാർത്ഥനയിൽ കണ്ണുതുറന്നു തമ്മിൽ തമ്മിൽ തമാശകൾ പറഞ്ഞു ചിരിച്ചു കളിച്ചുകൊണ്ടിരിക്കുന്നു. പൈതങ്ങൾക്ക് ദൈവ ഭയമില്ല. പ്രാർത്ഥനയിൽ ദൈവത്തോട് സംസർഗ്ഗം ചെയ്യുന്നു എന്ന ചിന്തയില്ലാതെ മാതാപിതാക്കളുടെ നിർബന്ധം മൂലം കൈകൾ കൂപ്പി വെറുതെ നിൽക്കുന്നു. നാം ജീവിക്കുന്നതായ ആധുനിക്കയുഗം എത്ര ആപത്തേറിയതാണ് എന്ന് കണ്ടുവോ? ഇപ്രകാരമുള്ള കുഞ്ഞുങ്ങളുടെ ഭാവി ജീവിതം എങ്ങനെ ആയിരിക്കും?

ആകയാൽ,മാതാപിതാക്കൾ മാനസാന്തര അനുഭവം പ്രാപിച്ച്, പൈതങ്ങൾക്കായി പ്രാർത്ഥിക്കുക.

അവധിക്കാലത്തിൽ വിശ്വാസികൾ മിഷണറി വേലസ്ഥലങ്ങൾ സന്ദർശിക്കുക. അപ്പോൾ നിങ്ങൾക്ക് അതു ആത്മഭാരം ഉണ്ടാകും. മിഷണറി വേല സ്ഥലങ്ങളിലെ നിങ്ങൾകണ്ട ആവശ്യങ്ങൾ അവരവരുടെ സഭകളിൽ പങ്കു വയ്ക്കുക.

നിങ്ങൾ പെന്തക്കോസ്ത് സഭാവിഭാഗത്തിൽ ഉൾപ്പെട്ടവരാണെങ്കിൽ നിങ്ങൾക്ക് മിഷണറി ഭാരം ഉണ്ടാകുവാൻ നിങ്ങളുടെ സഭ നിങ്ങളെ ഉൽസാഹിപ്പിക്കുകയില്ല.നിങ്ങളുടെ സഭയുടെ ഉപദേശം അപ്രകാരമുള്ളതാണ്. ആകയാൽ ഉച്ചത്തിൽ സ്തുതിക്കുവാനായി പെന്തക്കോസ്തു സഭയിൽ പോകുക. ആത്മാക്കളെ ആദായം ചെയ്യുവാൻ. മിഷണറി വേല ചെയ്യുവാൻ C.S.I. പോലുള്ളസഭയിൽ മാനസാന്തര അനുഭവം ഉള്ള മിഷണറിക്കൂട്ടായ്മകളോട് ബന്ധപ്പെട്ട് മിഷണറി പ്രവർത്തനങ്ങളുമായി സഹകരിക്കാൻ ഈ ആലോചന സഹായിക്കും. പെന്തക്കോസ്ത് വിഭാഗത്തിലുൾപ്പെട്ട ജാമക്കാരൻ വായനക്കാർക്ക് മാത്രമായി ഈ ആലോചന പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

നിങ്ങളുടെ കുഞ്ഞുങ്ങൾ എഴുതിയ പരീക്ഷയിൽ നല്ല മാർക്കുകൾ വാങ്ങി ജയിച്ചതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. കർത്താവ് പൈതങ്ങളെ അനുഗ്രഹിക്കുവാനും തൻമൂലം നിങ്ങൾക്ക് സമാധാനം ലഭിക്കുവാനും ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങളും പ്രാർത്ഥിക്കുക. **വായനക്കാരുടെ അഭ്യർത്ഥന മാനിച്ചു ഇനി മുതൽ മാസം തോറും മാസിക പ്രസിദ്ധീകരിക്കുന്നതാണ്.**

കർത്താവിന്റെ ഉന്നത ശുശ്രൂഷയിൽ
**ഡോ. പുഷ്പരാജ്**


## വായനക്കാരുടെ ശ്രദ്ധയ്ക്കു - അറിയിപ്പ്
## മണിയോടർ (EMO)

EMO വഴി ആയി മണിയോടർ അയിച്ചവർ പണം അയിച്ചിട്ടും മാസിക എന്തുകൊണ്ട് അയിച്ചില്ല എന്നു എനിക്കു കത്തെഴുതി ചോദിക്കുന്നു. ഇപ്പോഴുള്ള EMO മണിയോടറിൽ, ഏതു കാര്യത്തിനുവേണ്ടി പണം അയച്ചു എന്നു വിവരം എഴുതാൻ സാധിക്കുന്നില്ല. അതുകൊണ്ട് മണിയോടർ വഴിയായോ, ഓൺലൈൻ മൂലം ബാങ്കു വഴിയായോ പണം അയക്കുന്നവർ. നിങ്ങളുടെ മേൽ വിലാസത്തിനോടൊപ്പം ഏതു കാര്യത്തിനുവേണ്ടി അയച്ചു എന്നു കത്തെഴുതി അറിയിച്ചാൽ വളരെ ഉപഹാരമായിരിക്കും.

എന്റെ ബാങ്ക് പാസ്ബുക്കിൽ ഓൺലൈൻ വഴിയായി പണം അയക്കുന്നവരുടെ പേരും, സ്ഥലവും പോലും സൂചിപ്പിക്കുന്നില്ല. അതുകൊണ്ടു പണം അയച്ചയുടനെ ഒരു കത്തു വഴിയായി നിങ്ങൾ പണം അയച്ച വിവരം, കാരണം, തുക, ബാങ്കിന്റെ പേര്, നിങ്ങളുടെ വിലാശം, ഏതു തിയതി എന്നല്ലാം എഴുതി അറിയിച്ചാൽ രസീത് അയിക്കാൻ സൗകര്യം ആയിരിക്കും. അതു മാത്രമല്ല പ്രധാനമായി **ഇൻകം ടാക്സിനു** അര് അയച്ചു, എന്തിനു വേണ്ടി അയച്ചു എന്ന വിവരങ്ങൾ അറിയിക്കാൻ വളരെ ഉപയോഗമായിരിക്കും.

ഈ വിഷയത്തിൽ നിങ്ങൾ എനിക്ക് സഹകരിക്കണം. ഈ ദൈവ വേലയിൽ പങ്കു ചേരുന്ന നിങ്ങൾ ഏവരെയും ദൈവം അനുഗ്രഹിക്കുമാരാകട്ടെ.

# നോസ്ക്കർ ഡാംസ് (Nostradamus) ന്റെ പ്രവചനം




നോസ്ക്കർഡാംസ് എന്ന വ്യക്തി 1503 ൽ ഫ്രാൻസിൽ ജനിച്ച്, ഉന്നതവിദ്യാഭ്യാസം നേടി. 1525-ൽ ഡോക്ടറായി ആരോഗ്യസേവനരംഗത്തിൽ, വളരെ പ്രശസ്തമായ നിലയിൽ സേവനമനുഷ്ഠിച്ചു. സർവ്വകലാശാലയിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ, ഹിപ്പ്നോട്ടിസം, ജ്യോതിഷം മുതലായവ പഠിച്ച് ഗവേഷണം നടത്തി. അദ്ദേഹത്തെ വളരെയധികം ആകർഷിച്ച പുസ്തകം Faeimo's- De-Mysteries Aegyptorium. ഇതിൽ Face- reading (മുഖലക്ഷണം) പറയുക, ഹിപ്നോട്ടിസം (Hypnotism) Prophecy research എന്നീ വിഷയങ്ങളെക്കുറിച്ച് പരീക്ഷിച്ചു അത് പ്രാവർത്തികമാക്കി. Alchemists- എന്ന ജ്യോതിശാസ്ത്രവും പഠിച്ചു. അത് പ്രായോഗിതമായ രീതിയിൽ പരിശീലിച്ച് വന്നു. മരിച്ചുപോയ ആത്മാക്കളോടുസംസാരിക്കുന്ന രീതിയും പഠിച്ച് ചെയ്തു വന്നു.

ഇതിനൊക്കെ പിശാച് അദ്ദേഹത്തെ വളരെയധികം സഹായിച്ചു. ഭാവിയിലെ സംഭവങ്ങളും, അനേകവർഷങ്ങൾക്കുശേഷം സംഭവിക്കുന്നവയും നോസ്റ്റർ ഡാംസ് പറയുവാൻ തുടങ്ങി. അന്നത്തെ ജനങ്ങൾ അതിന് വലിയ വില കൽപിച്ചില്ല. വിശ്വസിച്ചതുമില്ല.

1565-ാം വർഷം സന്ധി രോഗം ബാധിച്ച് വീട്ടിൽ കിടപ്പിലായി. അദ്ദേഹം പറഞ്ഞിരുന്നതായ വർഷത്തിൽത്തന്നെ മരിച്ചുപോയി. ഇദ്ദേഹം തന്റെ ജീവചരിത്രവും ഭൂലോകത്തെക്കുറിച്ചുള്ള പ്രവചനങ്ങളും The Centuries എന്ന പുസ്തകത്തിൽ എഴുതി.

The Centuries എന്നാൽ നൂറ്റാണ്ട് എന്ന അർത്ഥത്തിൽ അല്ല. അദ്ദേഹം രചിച്ച പുസ്തകത്തിൽ നാലു വരി പദ്യങ്ങളായ് (4) Quatraims -നൂറ് - (100) നൂറായുള്ള ഒരു പരമ്പരആണ്. അത് പദ്യരൂപക്തിൽ ചില രഹസ്യകോഡുകൾ ഉൾപ്പെട്ട വാർത്തകളാണ്. കടം കഥയുടെ രൂപത്തിലുള്ള അർത്ഥവത്തായ വരികളും ഉണ്ട്. ബുദ്ധിഭ്രമം പിടിച്ച വ്യക്തിയെപ്പോലെ ഇങ്ങനെയെഴുതുവാൻ കാരണം സാധാരണക്കാർ ഇത് വായിച്ചുമനസ്സിലാക്കി സ്വന്തം നന്മയ്ക്കായി ഉപയോഗിക്കരുത് എന്ന് ഇദ്ദേഹം തന്നെ വെളിപ്പെടുത്തിയതായി പറയപ്പെടുന്നു. ഇദ്ദേഹം Les Propheeies De-M Michel Noster Dames എന്ന കൃതിയും രചിച്ചിട്ടുണ്ട്. അത് The Centrueies VIII-X എന്ന് പരമ്പരയായി പിൽക്കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട് ഇതിൽ ലോകാവസാനം വരെ എന്തൊക്കെ സംഭവിക്കും എന്ന പ്രവചന വിഷയങ്ങൾ എഴുതിയിരിക്കുന്നു.

അതിൽ 1-ാം ലോക മഹായുദ്ധം, 2-ാം ലോക മഹായുദ്ധം, ഈ യുദ്ധങ്ങളിൽ എങ്ങനെയുള്ള ആയുധങ്ങൾ ഉപയോഗിക്കുന്നു എന്നൊക്കെയും വ്യക്തമായി എഴുതിയത് ലോക ജനതയെ വളരെ അതിശയിപ്പിച്ചു. കാരണം അദ്ദേഹം എഴുതിയതുപോലെയൊക്കെ സംഭവിച്ചു എന്നുള്ളതാണ്.



നോസ്റ്റർഡാംസ് എഴുതിയ പുസ്തകത്തിൽ ലോക ജനതയെ വളരെയധികം അത്ഭുത്പെടുത്തിയത് അമേരിക്കയിലെ പ്രസിഡന്റ് കെന്നഡി സഹോദരന്മാരുടെ മരണം,

അബ്ദുള്ളാ ഖുമൈനി, ഷാ രാജാവിന്റെ സ്ഥാനഭ്രഷ്ഠം ഹിറ്റ്ലർ, മുസ്സോളിനി, എന്നിവരെക്കുറിച്ചും ഏഷ്യാഭൂഖണ്ഡത്തിലെ ഭൂകമ്പങ്ങൾ, അറേബ്യയിലെ എണ്ണക്കിണറുകൾ ഇൻദ്യ- പാകിസ്ഥാൻ യുദ്ധം, കപ്പലുകൾ, വിമാനങ്ങൾ മുതലായവ തനിയേ കടലിൽ വീണ് മുങ്ങി നശിക്കുന്ന വിവരങ്ങൾ തുടങ്ങിയവ എഴുതിയതുപോലെതന്നെ നടന്നു. ഇത് എങ്ങനെ സാധ്യമാകും? നോസ്ററർ ഡാംസ് നിരീശ്വരവാദി ആണ്. ദൈവഭയം ഇല്ലാത്ത വ്യക്തി. പക്ഷെ, ഇപ്രകാരമുള്ള പ്രവചനങ്ങൾ എങ്ങനെ ഈ വ്യക്തിമൂലം പറയപ്പെട്ടു. ഇദ്ദേഹം എഴുതിയ പ്രവചനങ്ങൾ അത്രയും നിറവേറി. ഇന്നും ലോകത്തിലെ മതചിന്തകൻമാരും, ലോകത്തിലെ ജ്ഞാനികളും, ഇദ്ദേഹത്തെക്കുറിച്ചും ഇദ്ദേഹം എഴുതിയ പ്രവചനങ്ങൾ എങ്ങനെ നിറവേറുന്നു എന്നതിനെക്കുറിച്ചും മനസ്സിലാകാതെ കുഴയുന്നു.

ഇപ്പോൾ നോസ്റ്റർഡാംസിനെക്കുറിച്ച് ഞാൻ ജാമക്കാരനിൽ പ്രസിദ്ധീകരിക്കുവാൻ കാരണം എന്താണ് എന്ന് നിങ്ങൾ ചിന്തിക്കാം.

ഇദ്ദേഹം ക്രിസ്ത്യാനി അല്ല. ദൈവ ഭക്തനുമല്ല. അത്ഭുതങ്ങൾ എല്ലാം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നടക്കുന്നതല്ല എന്നുള്ളതാണ്. അങ്ങനെയാണെങ്കിൽ ഏത് ആത്മാവാണ് ഇപ്രകാരമുള്ള അത്ഭുതവെളിപാടുകൾ, പ്രവചനങ്ങൾ പറയുന്നത്? അത് അശുദ്ധാത്മാവല്ലാതെ വേറെ എന്താണ്?

## മൂന്നു വിധത്തിലുള്ള ആത്മാക്കൾ

**1. പരിശുദ്ധാത്മാവിന്റെ പ്രവൃത്തി**

**2. സാത്താന്റെ ശക്തി (പിശാചിന്റെ ആത്മാവ്) യുടെ പ്രവൃത്തി**

**3. മനുഷ്യന്റെ ആത്മാവിന്റെ പ്രവൃത്തി**

മേൽപറഞ്ഞ വിധത്തിൽ മൂന്ന് ആത്മാക്കളിൽ ഏതെങ്കിലും ഒരാത്മാവിന്റെ പ്രവൃത്തിമൂലം ഇപ്രകാരമുള്ള പ്രവചനങ്ങൾ വെളിപ്പെടുത്തുവാൻ സാധിക്കും.

## പരിശുദ്ധാത്മാവിന്റെ പ്രവചനം

തിരുവചനത്തിൽ വായിക്കുന്നതായ പ്രവചന ഭാഗങ്ങൾ ദാനിയേൽ മുതൽ യോഹന്നാൻ വരെ പറയപ്പെട്ട പ്രവചനങ്ങൾ നമുക്കറിയാം. ഇവയൊക്കെയും പരിശുദ്ധാത്മാവിനാൽ അറിയിക്കപ്പെട്ട പ്രവചനങ്ങളാണ്.

വേദപുസ്തകത്തിൽ പരിശുദ്ധാത്മാവിനാൽ അരുളപ്പെട്ട പ്രവചനങ്ങൾ എല്ലാം, മനുഷ്യരെ, രാജാക്കന്മാരെ, മുന്നറിയിപ്പ് നൽകുന്നതിനായും കുററങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനായും നൽകപ്പെട്ടതാണ്. ഇവയിൽഒന്നുപോലും ആശ്വാസം നൽകുവാനുള്ളതായിരുന്നില്ല എന്നതും നാം ശ്രദ്ധിക്കേണ്ടതാണ്.

ഇന്നത്തെ കപടശുശ്രൂഷകർ, പാസ്റ്റർമാർ, എല്ലാവരും പ്രത്യേകിച്ച് നാലു മാവടി,മോഹൻസിലാസാജ്, അലൻപോൾ, ദിനകരന്റെ കുടുംബാംഗങ്ങൾ, സഹോ- ദിനകരൻ പരിശീലനം നൽകി നശിപ്പിച്ചതായ പ്രവചനശുശ്രൂഷകൻമാർ, ഇവരാരെങ്കിലും കൂട്ടായ്മയോഗങ്ങളിൽ കുറ്റം ചെയ്തവരുടെ പേർ എടുത്തു പറഞ്ഞ് പ്രവചനം പറഞ്ഞതായി കാണിക്കുവാൻ കഴിയുമോ? എയിഡ്സ് രോഗം സുഖമായി എന്ന് പേർ എടുത്തു പറഞ്ഞ് യോഗത്തിൽ പരസ്യമായി പറഞ്ഞ പ്രവചനവും വ്യാജമാണ്. അയാൾക്ക് എയിഡ്സ് രോഗം സുഖമായില്ല. പ്രമേഹം (ഡയബറ്റിക്) സുഖമായില്ല. പക്ഷെ, എന്തുകൊണ്ടാണ് ഇവർക്കൊക്കെ ജനങ്ങളുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുവാൻ ധൈര്യം ഇല്ലാത്തത്. ഇവരെയൊക്കെനമുക്ക് എന്തുകൊ ണ്ട് കള്ളപ്രവാചകൻമാർ എന്ന് പരസ്യമായി പറഞ്ഞുകൂടാ.

പ്രവചനം എന്നാൽ ദൈവത്തിന്റെ വാക്ക് പ്രവാചകൻ എന്നാൽ ദൈവത്തിന്റെ വാക്ക് അറിയിക്കുന്നവൻ എന്ന അർത്ഥം. ഇതിനെ വിശ്വാസികൾ മേൽ പറഞ്ഞതായ പ്രത്യേക ദൈവവേലക്കാരെ ബുദ്ധി ഉപദേശിക്കുന്നതുപോലെ പറയുക. തെററു തിരുത്തുമോ എന്നു കാണാം.

## മനുഷ്യ ആത്മാവിന്റെ പ്രവചനം

ഇന്നത്തെ ശുശ്രൂഷകന്മാർ സഹോ.ഡി. ജി.എസ്. ദിനകരൻ., പോൾ ദിനകരൻ, മോഹൻ സി. ലോസറസ്, എയ്ഞ്ചൽ റ്റി.വി. സാധു സെൽവരാജ്, വിൻസന്റ് സെൽവകുമാർ, എ. യെസെക്കിയേൽ ഫ്രാൻസിസ്, ജോൺ സോളമൻ, ജവഹർ ശാമുവേൽ, കാർവ്യവസായി സറ്റീഫൻ അവർകൾ, തമിഴ് നാട്ടിൽ ഇനിയും നൂറു കണക്കിന് മനുഷ്യ ആത്മാവിനാൽ പ്രവചനം പറയുന്ന പ്രവാചകന്മാർ വർദ്ധിച്ചിരിക്കുന്നു. സിംഗ്പൂരിൽ, ടെലിവിഷൻ മുഖേന ക്രിസ്തീയ പ്രസംഗം നടത്തുന്ന ശുശ്രൂഷകൻമാർ മലേഷ്യ ദൈവവേലക്കാർ, പിന്നെ അമേരിക്കയിലുള്ളവരെപ്പറ്റി പറയുകയും വേണ്ട. ബെന്നിഹിൻ തുടങ്ങി എണ്ണമില്ലാത്ത വ്യാജ പ്രവാചകൻമാർ ധാരാളമാണ്. ഇവർ മാത്രമല്ല, പെന്തെകോസ്തു സഭകളിൽ അന്യ ഭാഷ പറയുന്നതോടൊപ്പം ധാരാളം കള്ള പ്രവാചകന്മാരായി സഭാ വിശ്ലാസികളും പാസ്റ്റർമാരെയും കാണുവാൻ കഴിയും. ഇവരൊക്കെ പറയുന്ന പ്രവചനത്തിൽ പറയാത്ത വിവരങ്ങളില്ല. "ഈയൽ" പോലെ തമിഴ്നാട്ടിൽ കള്ള പ്രവാചകന്മാർവർദ്ധിക്കുന്നു. ഇത് തന്നെയാണ് പഴയ നിയമകാലത്തിലും നടന്നതായി നാം വായിക്കുന്നത്.

യിര: 14: 14

യഹോവ എന്നോട് അരുളി ചെയ്തതു പ്രവാചകൻമാർ എന്റെ നാമത്തിൽ ഭോഷ്ക്കു പ്രവചിക്കുന്നു. ഞാൻ അവരെ അയച്ചിട്ടില്ല. അവരോടു കൽപിച്ചിട്ടില്ല. അവരോടു സംസാരിച്ചിട്ടുമില്ല.......... അവർ സ്വന്ത ഹൃദയത്തിലെ വഞ്ചനയും നിങ്ങളോടു പ്രവചിക്കുന്നു.

യിര: 14: 14.

തങ്ങളുടെ സ്വന്തഹൃദയങ്ങളിൽ നിന്ന് പ്രവചിക്കുന്നവരോട് പറയേണ്ടുന്നത്............സ്വന്തമനസ്സിനെയും കണ്ടിട്ടില്ലാത്ത കാര്യങ്ങളെയും പിൻതുടരുന്ന ബുദ്ധികെട്ട പ്രവാചകന്മാർക്കു അയ്യോ കഷ്ടം!

ഞാൻ അരുളി ചെയ്യാതിരിക്കേ യഹോവയുടെ അരുളപ്പാട് എന്ന് നിങ്ങൾ പറയുന്നതിനാൽ നിങ്ങൾ മിത്ഥ്യാദർശനം ദർശിക്കയും വ്യാജ പ്രശ്നം പറയുകയുമല്ലയോ ചെയ്തിരിക്കുന്നത്? അതുകൊണ്ട് യഹോവയായ കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു. നിങ്ങൾ വ്യാജം പ്രസ്താവിച്ചുഭോഷ്ക്കു ദർശിച്ചിരിക്ക കൊണ്ടു ഞാൻ നിങ്ങൾക്കു വിരോധമായിരിക്കുന്നു. യിര: 13.3,37,8 മേൽ പേർ പറയപ്പെട്ടതായ ദൈവ വേലക്കാരുൾപ്പെടെ പല കള്ള പ്രവാചകന്മാർക്കും ദൈവം വിരോധമായിരിക്കുന്നു എന്ന് കർത്താവ് അരുളിചെയ്യുന്നു.

മേൽ പറഞ്ഞതുപോലെ കള്ള പ്രവചനം പറയുന്ന വ്യക്തികൾ പഴയ നിയമകാലം മുതലേ ഉണ്ടായിരുന്നു. ജനങ്ങളോട് കർത്താവ് അരുളിചെയ്തു എന്നു പറഞ്ഞ് വിളിച്ചു. ഇന്നും അതുതന്നെയാണ് സംഭവിക്കുന്നത്.

തങ്ങളുടെ സ്വന്ത ഹൃദയങ്ങളിൽ നിന്ന് പ്രവചിക്കുന്നവർ സ്വന്ത മനസ്സിനെ പിൻതുടരുന്നവർ....................എന്ന് തിരുവചനത്തിൽ പറയുന്നത് മനുഷ്യന്റെ ആത്മാവിനെയാണ് സൂചിപ്പിക്കുന്നത്.

പ്രാർത്ഥനയിൽ പേര് വിളിക്കുന്നവർ എല്ലാവരും മനുഷ്യന്റെ ആത്മാവിനാൽ പ്രാർത്ഥനയിൽ വ്യക്തികളുടെ പേരും, രോഗത്തിന്റെ പേരും പറയും. പത്തുപേര് (10) പറഞ്ഞാൽ അഞ്ചുപേര് (5) ശരിയായിരിക്കും. ഈ വിഷയത്തിൽ പിശാചിന്റെ ആത്മാവ് ഇവരെ സഹായിക്കാൻ കൂട്ടുണ്ടാകും. സ്റ്റേജിൽ പേര് വിളിച്ച ഉടൻ തന്നെ സാക്ഷികൾ സ്റ്റേജിൽ കയറി വരുന്നത് നിങ്ങൾക്കാ കാണാൻ കഴിയും. ഇവരുടെ ഫോട്ടോ എടുത്ത് തങ്ങളുടെ മാസികകളിൽ പ്രസിദ്ധീകരിക്കുന്നത് നമുക്ക് അറിയാം. ഇപ്രകാരമുള്ള പിശാചിന്റെ ആത്മാവിനാൽ പ്രേരിപ്പിക്കപ്പെട്ട് സാക്ഷി പറയുന്നവർ ഇന്ന് വളരെ കൂടുതലാണ്.

അതുകൊണ്ട് മനസ്സിൽ തോന്നുന്നത് പ്രവചിക്കുന്ന ഇപ്രകാരമുള്ള പ്രവാചകന്മാർക്കെതിരെ ജാഗ്രതയോടെ ആയിരിക്കുവാൻ ദൈവം നമ്മെ മുന്നറിയിക്കുന്നു.

യേശുക്രിസ്തുവും പ്രാർത്ഥനയിൽ പേർ വിളിക്കുന്നതായ മേൽ വിവരിച്ചതുപോലുള്ള ശുശ്രൂഷകരെക്കുറിച്ച് മുന്നറിയിച്ചിട്ടുണ്ട്. " കർത്താവേ, കർത്താവേ നിന്റെ (യേശു) നാമത്തിൽ ഞങ്ങൾ പ്രവചിക്കയും, നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യ പ്രവർത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ? " എന്നു പലരും പറയും. എല്ലാം യേശുവിന്റെ നാമത്തിൽ തന്നെയാണ് ഇവർ പ്രാർത്ഥനയിൽ പേര് വിളിച്ചത്. എന്നാൽ യേശുവോ. ഇവരെ നോക്കി " ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല. അധർമ്മം പ്രവർത്തിക്കുന്നവരെ എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും.

മത്താ. 7: 22,23.

അങ്ങനെയാണെങ്കിൽ ദൈവവുമായി ബന്ധമില്ലാതെ തന്നെ ഇവരൊക്കെയും സുവിശേഷ യോഗങ്ങളിലും TVയിലും പ്രാർത്ഥനാസമയത്ത് പേര് പറയുന്നുണ്ടല്ലേ. പല രോഗങ്ങളിലുടെയും പേര് പറഞ്ഞുവല്ലോ. ഏത് ആത്മാവിനധീനരായാണ് ഇതൊക്കെയും ചെയ്തത്? ചിന്തിച്ചുനോക്കുക. യേശുക്രിസ്തു ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല എന്നു പറഞ്ഞു. പിന്നെ ആരാണ് ഇവരെ സഹായിച്ചത്? സാത്താൻ തന്നെയല്ലേ? അതേ, പിശാചിനെയൊഴികെ ആർക്ക് ഇവരെ സഹായിക്കുവാൻ സാധിക്കും?

കൈ ചൂണ്ടിയാൽ വീഴുന്നു, വിരൽ ചൂണ്ടിയാൽ വീഴുന്നു, ഊതിയാൽ വീഴുന്നു, ഇപ്രകാരമുള്ള മായാജാലങ്ങൾ, യേശു കർത്താവും ശിഷ്യന്മാരും ഒരിക്കലും ചെയ്തിട്ടില്ല.

ഇവരൊക്കെയും പ്രാർത്ഥനയിൽ പറയുന്നതു എല്ലാം ഊഹിച്ച് പറയുന്ന പ്രവചനമാണ് മനുഷ്യന്റെ ആത്മാവിനോട്, പിശാചിന്റെ ആത്മാവും ചേർന്ന് ഇപ്രകാരം പ്രവർത്തിക്കും

നോസ്റ്റർഡാംസ് ക്രിസ്ത്യാനിയല്ല. പക്ഷെ അവൻ പറഞ്ഞതൊക്കെയും വളരെ ശരിയായി നിറവേറിയല്ലോ. പരിശുദ്ധ ആത്മാവിനെ പ്രാപിച്ചു എന്നു പറയുന്ന ഈ കള്ള പ്രവാചകന്മാർക്ക് എന്തുകൊണ്ട് വ്യക്തമായി പ്രവചിക്കുവാൻ സാധിക്കുന്നില്ല. ഇവരൊക്കെയാണ് കപട വേലക്കാർ.

## ഇൻഡ്യയിലെ നേതാക്കൻമാരെക്കുറിച്ച് നോസ്റ്റർഡാംസ് പ്രവചിച്ചത്

നോസ്റ്റർ ഡാംസ് എഴുതിയ പുസ്തകത്തിൽ 6-ാമത്തെ അദ്ധ്യായത്തിൽ 74-ാമത്തെ പദ്യത്തിൽ മുൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു.



മൂന്നു വശങ്ങളും സമുദ്രത്താൽ ചുറ്റപ്പെട്ട രാജ്യത്തിൽ ഉന്നത അധികാരം ഉള്ള തരുണീമണി. പ്രതിപക്ഷത്തിന്റെ ഭിന്നിപ്പു മൂലം തിരഞ്ഞെടുപ്പിൽ നഷ്ടപ്പെട്ട അധികാരം ഈ സ്ത്രീ വീണ്ടും നേടിയെടുക്കും എന്ന് എഴുതിയിരിക്കുന്നു. അതുപോലെ നടന്നില്ലേ?

വീണ്ടും തന്റെ സ്വന്ത അംഗരക്ഷകരാൽ 67-ാം വയസ്സിൽ കൊല്ലപ്പെടും. ഈ സംഭവം നൂറ്റാണ്ട് അവസാനിക്കാൻ 16 വർഷം ശേഷിക്കുമ്പോൾ നടക്കും എന്ന് എഴുതിയിട്ടുണ്ട്. അതും അതുപോൽ സംഭവിച്ചു.

ഇൻഡ്യയിൽ അടിയന്തിരാവസ്ഥകാലത്ത് തിരഞ്ഞെടുപ്പിൽ തോറ്റുപോയ ശ്രീമതി ഇന്ദിരാഗാന്ധി പ്രതിപക്ഷം

ഐക്യത ഇല്ലാതെ തമ്മിൽ കലഹിച്ചതുകൊണ്ട് വീണ്ടും ഭരണം നേടിയെടുത്തതും സിഖുകാർ- അവരുടെ സുവർണ്ണക്ഷേത്രം (golden temple) സൈന്യത്താൽ 1984 -ൽ ഇന്ദിരാഗാന്ധിയെ ആക്രമിക്കപ്പെട്ടശേഷം സ്വന്തം അംഗരക്ഷകരാൽ കൊല്ലപ്പെട്ടതും നമുക്കറിയാവുന്നതാണല്ലോ.

## രാജീവ് ഗാന്ധിയുടെ മരണം

പെട്ടെന്ന് പ്രത്യക്ഷപ്പെടും, ഭീകരപ്രവർത്തനം നടത്തിയിട്ട് മാറിപ്പോകും. ആ കറുത്ത സ്ത്രീയെ നീണ്ടകാലം കാണാൻ കഴിയുകയില്ല. അതുമായി ബന്ധപ്പെട്ടവർ തൂക്കിലിടപ്പെടും. ( C-5 65)



Flashback: Dhanu, the suicide bomber; garlanding Rajiv Gandhi seconds before the explosion.

ഈ പദ്യ ഭാഗം മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ മരണത്തോട് വളരെ യോജിക്കുന്നു. തീവ്രവാദികൾ പെട്ടെന്ന് പ്രത്യക്ഷരായി. അവർ നടത്തിയ സ്ഫോടനത്തിൽ രാജീവ് ഗാന്ധി ബലികഴിക്കപ്പെട്ടു. സ്ഫോടനം നടന്ന ഉടൻ അതിന് നേതൃത്വം നൽകിയവർ രക്ഷപ്പെടുന്നു. ശരീരത്തിൽ സ്ഫോടന വസ്തു കെട്ടി വച്ച് സ്ഫോടനം നടത്തിയവൾ ഒരു കറുത്ത സ്ത്രീ ആയിരുന്നു. അവളുടെ ശരീരവും സ്ഫോടനത്തിന്റെ ശക്തിയിൽ കഷ്ണങ്ങളായി ചിതറിപ്പോയി. പ്രധാനമന്ത്രിയായിരുന്ന ശ്രീ. രാജീവ് ഗാന്ധി അവർകളും കൊല്ലപ്പെട്ടു. ഈ ഗൂഢാലോചനയിൽ ബന്ധപ്പെട്ടവർ തടവുശിക്ഷയും വധശിക്ഷയും അനുഭവിച്ചുവരുന്നു.

ഇതുകൂടാതെ ഇനിയും വളരെയേറെ പ്രവചനങ്ങൾ എഴുതിയിട്ടുണ്ട്. ശ്രീ. ലാൽ ബഹാദൂർ ശാസ്ത്രി, ശ്രീ. മൻമോഹൻസിംഗ് മുതലായവരെക്കുറിച്ചും ഏതാണ്ട് 500 വർഷങ്ങൾക്കു മുൻപു തന്നെ വ്യക്തമായി എഴുതിവച്ചിരിക്കുന്നു.

ഇത് പരിശുദ്ധാത്മാവിന്റെ പ്രവചനം അല്ല എന്ന് വായനക്കാർ മനസ്സിലാക്കണം. ഇത് അശുദ്ധാത്മാവിനാൽ (പിശാചിന്റെ) നടന്ന പ്രവചനമാണ്.

ഇപ്രകാരം പറയപ്പെടുന്ന പിശാചിന്റെ പ്രവചനങ്ങൾക്കു Familiar Spirit എന്നു പറയും. മുഴുവൻ വിവരങ്ങളും പിശാചിന് പറയുവാൻ അറിയുകയില്ല. എന്നാൽ ഒരു പരിധി വരെ പിശാചിന് ദൈവം നൽകിയ ശക്തി കൊണ്ട് പ്രവചനം പറയുവാൻ സാധിക്കും. അത്ഭുതങ്ങൾ നടത്തുവാനും. അതുപോലെ അത്ഭുതങ്ങൾ ചെയ്യുന്ന പിശാചിന് അത്ഭുതങ്ങൾ മാത്രം ചെയ്യുന്ന ഒരു പ്രത്യേക സംഘം ഉണ്ട്. ജനങ്ങളെ തിരുവചന സത്യങ്ങൾ അനുസരിച്ചു ജീവിക്കുവാൻ പഠിപ്പിക്കാതെ, പാപത്തേയും, ന്യായവിധിയെയും കുറിച്ച് പ്രബോധിപ്പിക്കാതെ തന്ത്രം. അങ്ങനെയുള്ള അത്ഭുതങ്ങൾ ഇപ്പോഴും നടക്കുന്നു. പക്ഷെ, ഇതുപോലെയുള്ള അത്ഭുതങ്ങൾ താൽക്കാലികം മാത്രമാണ്. സ്ഥിരമായനിലനിൽക്കുകയില്ല. ജനങ്ങളെ വഞ്ചിക്കുന്നതിനായി അപ്രകാരമുള്ള അത്ഭുതങ്ങൾ പിശാചിന്റെ കൂട്ടങ്ങളും പ്രവർത്തിക്കും.

ഈ കാലയളവിൽ സ്റ്റേജുകളിൽ നടന്നുവരുന്നതായ രോഗശാന്തി ശുശ്രൂഷകൾ എല്ലാം ഇങ്ങനെയുള്ളതാണ്. ഇപ്രകാരമുള്ള കപട വേലക്കാർ ആരുടെയും പാപത്തെയോ, കുറ്റങ്ങളെയോ ചൂണ്ടിക്കാണിക്കയില്ല അങ്ങനെ ചെയ്യുകയാണെങ്കിൽ അടുത്ത ദിവസം മുതൽ യോഗത്തിന് വരുന്ന ആളുകളുടെ എണ്ണം കുറയും എന്നത് ഈ ശുശ്രൂഷകന്മാർക്ക് നന്നായി അറിയാം. ഇവരെ സഹായിക്കുവാനായി പിശാച് തന്റെ കൂട്ടത്തിലെ പലരെയും അത്ഭുതങ്ങൾ നടത്തുവാൻ വേണ്ടി അയയ്ക്കും.

വെളി 16:14 അത്ഭുതങ്ങൾ കൊണ്ടു അവരുടെ അടുക്കലേക്ക് പുറപ്പെടുന്ന ഭൂതാത്മാക്കൾ തന്നേ.

ആകയാൽ സഭാ വിശ്വാസികൾ, ഇപ്രകാരമുള്ള അത്ഭുത ശുശ്രൂഷാ യോഗങ്ങൾ, പ്രവചന യോഗങ്ങൾ, അഗ്നിഅഭിഷേക കൂട്ടായ്മകൾ മുതലായവയ്ക്ക് പോകുന്നതിൽ ജാഗ്രത പാലിക്കണം.

തിരുവചനം അനുസരിക്കുകയാണെങ്കിൽ രോഗ സൗഖ്യം തനിയേ ലഭിക്കും.

സങ്കീ. 107: 20. തെസ്സ 2:9. അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്ക് സാത്താന്റെ വ്യാപാര ശക്തിക്കു ഒത്ത വണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും, അത്ഭൂതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും.

അത്ഭുതെ പോലെ തോന്നും. പക്ഷെ, അത് ശാശ്വതമല്ല. നിങ്ങൾക്ക് അത്ഭൂതം ലഭിക്കും. എന്നാൽ നിങ്ങൾക്കു സാക്ഷ്യമുള്ള ജീവിതം ഉണ്ടായിരിക്കയില്ല. ദൈവ ഭയം ഉണ്ടായിരിക്കയില്ല. പാപ പ്രവർത്തികൾ തുടർന്നും ചെയ്തുകൊണ്ടേയിരിക്കും.

എന്നാൽ ദൈവിക സ്പർശനം അനുഭവിച്ചാൽ നിങ്ങളെ വിശുദ്ധ ജീവിതം നയിക്കും. സാക്ഷ്യമുള്ള ജീവിതത്തിലേക്കും വഴി നടത്തും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖

വാർത്തകൾ വാർത്തകൾ

# വിചാരണ തടവുകാർ

ഇന്നു ഇൻഡ്യ മുഴുവനിലും ഉള്ള ജയിലുകളിൽ കുറ്റം വിധിക്കപ്പെടാതെ സംശയാടിസ്ഥാനത്തിൽ വിചാരണ തടവുകാർ എന്ന പേരിൽ രണ്ടുലക്ഷത്തിനാലായിരത്തി നാന്നൂറ്റി എൺപതു (2,04,480) പേർ ജയിലിൽ കുടുംബത്തെ വിട്ടുപിരിഞ്ഞു പല വർഷങ്ങളായി തങ്ങളുടെ ജീവിതത്തിലെ ഭൂരിഭാഗവും ജയിലിൽ കഴിച്ചുകൂട്ടിക്കൊണ്ടിരിക്കുന്നു. ഇവർക്കു പരിഹാരം എന്ത്? സുമാർ 16 വർഷങ്ങൾ കഴിഞ്ഞു ഇവരുടെ മേൽ യാതൊരു കുറ്റവും ഇല്ല എന്നു പറഞ്ഞു ഒരാളിനെ വിട്ടയച്ചു എന്നു വാർത്തകൾ പറയുന്നു. ആയുഷ്ക്കാല ശിക്ഷ 15 വർഷം. ഈ വിചാരണ തടവുകാരൻ ആയുഷ്ക്കാലശിക്ഷയെക്കാൾ അധികവർഷങ്ങൾ വിചാരണക്കായി എന്നു പറഞ്ഞു ജയിലിൽ ഭക്ഷണം കഴിച്ചു വെറുതെ മറ്റു കുറ്റവാളികളോടൊപ്പം ജീവിതം മുഴുവനും നഷ്ടമാക്കി മനവേദനയാൽ ബാധിക്കപ്പെട്ടു ലോകത്തിന്മേൽ വെറുപ്പുണ്ടായി അവൻ **പ്രകൃത്യാലുള്ള സ്വഭാവം** മാറിയ നിലയിൽ പുറത്തുവരുന്നു. ഇങ്ങനെയുള്ള ഒരുവൻ ലോകജനങ്ങളോടു ഏതുനിലയിൽ പഴകും, സ്വന്തസ്ഥലത്തു ഒതുക്കപ്പെട്ടവരായും സ്ഥലവാസികളുടെ സംശയദൃഷ്ടിയോടെ കാണുന്നതും സ്വന്തകുടുംബത്തിൽ ബഹുമാനിക്കപ്പെടാതെ ജീവിക്കുന്ന അവന്റെ ജീവിതം എന്തായി തീരും. ഇങ്ങനെ ജീവിക്കുന്നവർക്കാണു തീവ്രവാദസംഘങ്ങൾ കൈനിറച്ചു പണം കൊടുത്തു അവനെ തീവ്രവാദ ഉപകരണമായി മാറ്റി തങ്ങളുടെ പദ്ധതി നിറവേറ്റാൻ അങ്ങനെയുള്ളവരെ ഉപയോഗിക്കുന്നു. ഇതു നമ്മുടെ സുപ്രീം കോടതി ഉണർന്നു എന്തുകൊണ്ടു ഇങ്ങനെയുള്ളവരെ ജാമ്യത്തിൽ വിടുവിക്കാൻ പാടില്ല എന്നുള്ള ചോദ്യം ഇൻഡ്യാഗവൺമെന്റിന്റെ ആഭ്യന്തരവകുപ്പിനോടു ചോദിച്ചു മറുപടി നൽകാൻ ആവശ്യപ്പെട്ടിരിക്കുന്നു. ഇതു നല്ല ആശ്വാസം നൽകുന്ന വാർത്തയായിരിക്കുന്നു. കുറ്റം നടന്ന സ്ഥലത്തിൽ **വെറുതെ നോക്കി നിന്നവർ**, യാതൊരു കുറ്റവും ചെയ്യാത്തവർ രാത്രി റോന്തുചുറ്റുന്ന പൊലീസുകാർക്ക് **കേസ്** യാതൊന്നും ലഭിച്ചില്ലെങ്കിൽ രാവിലെ ബസിൽ യാത്ര ചെയ്യാൻ ബസ് സ്റ്റാന്റിൽ കിടന്നുറങ്ങുന്നവരെ എഴുന്നേൽപ്പിച്ചു സംശയകേസിൽ അവരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തു ജയിലിൽ അടച്ചു അന്നത്തെ കേസിന്റെ കണക്കു ശരിപ്പെടുത്തുന്നു. ഇതു എത്രമാത്രം ക്രൂരമായ പ്രവൃത്തി? ഇതിനെയാണു സുപ്രീം കോടതി ചൂണ്ടിക്കാണിച്ചു ഇങ്ങനെയുള്ളവരെ ജാമ്യത്തിൽ വിടുവിക്കാൻ ആലോചന നൽകിയതു. സുപ്രീം കോടതിക്കായി നമുക്കെല്ലാം പ്രാർത്ഥിക്കാം.

# സി.എസ്.ഐ. മദ്ധ്യകർണാടകയുടെ പുതിയ ബിഷപ്പ്



സി.എസ്.ഐ.സെൻട്രൽ കർണാടകാ (ബാംഗ്ലൂർ) പുതിയ ബിഷപ്പായി റിട്ട.റവ.ഡോ. പ്രസന്നകുമാർ സാമുവേൽ അവർകൾ തെരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹം ഡയോസിസ് ഇലക്ഷൻ പാനലിൽ ജയിച്ചുവന്നിട്ടും. ബിഷപ്പായി അഭിഷേകം ചെയ്യപ്പെടാത്ത വണ്ണം കന്നടഭാഷ സംസാരിക്കുന്ന സി.എസ്.ഐ. സഭാ അംഗങ്ങളും ചില അച്ചൻമാരും തങ്ങളുടെ എതിർപ്പുകളെ അറിയിക്കാൻ വേണ്ടി ഘോഷയാത്ര നടത്തി. കോടതിയിൽ സ്റ്റേ ഓർഡർ വാങ്ങി. അതുകൊണ്ട് സി.എസ്.ഐ.സിനാഡും മോഡറേറ്റർ അവർകളും ഇദ്ദേഹത്തെ ബിഷപ്പാക്കാതെ വിഷമിച്ചു നിന്നു.

ഈ അവസരത്തിൽ അന്ന് സി.എസ്.ഐ. മോഡറേറ്ററായി ഇരുന്ന മോസ്റ്റ് റവ.ദേവകടാക്ഷം അവർകളും ഞാൻ പ്രത്യേക കത്ത് എഴുതി.

ഒരച്ചൻ ബിഷപ്പു ഇലക്ഷനിൽ ജയിച്ച് വന്നശേഷം ഭാഷയുടെ അടിസ്ഥാനത്തിലോ ജാതിയുടെ അടിസ്ഥാനത്തിലോ അദ്ദേഹം ബിഷപ്പ് ആകാതിരിക്കാൻ ഉള്ള എതിർപ്പുകൾക്ക് വഴങ്ങി നിൽക്കാതെ ധൈര്യമായി ബിഷപ്പു അഭിഷേകം നടത്തുവാൻ രണ്ട് ആലോചനകൾ ഞാൻ എഴുതി.

ഒന്ന കർണ്ണാടക സംസ്ഥാന മുഖ്യന്ത്രിയും മറ്റ് കന്നട പ്രമാണികളും ഒരു ആൾബിഷപ്പു ആകുന്നതിന് ഏർപ്പാടിനു സംരക്ഷണം നല്കുവാൻ താല്പര്യപ്പെടില്ല. അതുകൊണ്ട് മോഡറേറ്ററിന്റെ അധികാരത്തെ ഉപയോഗിച്ച് കർണാടക ഗവർണറെ സമീപിച്ച് അദ്ദേഹത്തിന്റെ അധികാരത്തിന്റെ കീഴ്പ്പെട്ട സംരക്ഷണം നേടാൻ ശ്രമിക്കണം എന്ന് ഞാൻ എഴുതി.

രണ്ടാമതായി സിനാഡ് തന്നെ തന്റെ ആഫീസിൽ വച്ച് തന്നെ ബിഷപ്പുമാരെ വരുത്തി ബിഷപ്പു അഭിഷേക ആരാധന നടത്തി ബിഷപ്പായി പ്രഖ്യാപിക്കാൻ സാധിക്കും. ഇതിനു മുൻ ഉദാഹരണമായി നമ്മുടെ സി.എസ്.ഐ. യിൽ ശ്രീലങ്ക സി.എസ്.ഐ. അച്ചനെ ബിഷപ്പു ആഫീസിന്റെ അടുത്തുള്ള മുറിയിൽ വച്ച് രഹസ്യവിവാഹം നടത്തിയതുപോലെ ബിഷപ്പു അഭിഷേകം നടത്തി ബിഷപ്പായി പ്രഖ്യാപിച്ചു. അതേ പോലെ കർണാടക ബിഷപ്പു അഭിഷേകവും നടത്തണം. പാനലിൽ ജയിച്ചു വന്ന ആൾക്ക് പകരെ എതിർപ്പുകൾ പ്രകടിപ്പിക്കുന്ന ആളുകൾക്ക് വേണ്ടി വേറൊരാളിനെ ബിഷപ്പാക്കിയാൽ അത് വളരെ മോശമായ മുൻ ഉദാഹരണമായി മാറും. അതിന്റെ പ്രതിഫലമായി ഡയോസിസിലെ സെക്രട്ടറി മുൻസഭ നിർവാഹകമ്മിറ്റിയായി തിരഞ്ഞെടുക്കുന്ന വിഷയത്തിലും ഈ ബാദിപ്പ് കാണേണ്ടി വരും എന്ന് എഴുതി. മോഡറേറ്റർ അവർകൾ എന്റെ കത്തിന് മറുപടി അയച്ചില്ല. നടപടിയും എടുത്തില്ല. മാസങ്ങൾ നീണ്ടുപോയി ഇപ്പോഴുള്ള പുതിയ മോഡറേറ്ററിനെ സി.എസ്.ഐ. തിരഞ്ഞെടുത്തു. മുൻപു മോഡറേറ്ററിനു അയച്ച കത്തിൽ ചില മാറ്റങ്ങൾ വരുത്തികൊണ്ട് ഈ പുതിയ മോഡറേറ്ററിനും ഞാൻ എഴുതി.

ഇതിന്റെ ഇടയിൽ ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട പുതിയ ബിഷപ്പു അവർകൾഅഭിഷേകം നടത്തുന്നതിനു മുൻപ് സിനാഡിൽ വച്ച് ബിഷപ്പാകുന്ന ഏർപ്പാടുകളെക്കുറിച്ച് കർണ്ണാടക ഡയോസിന്റെ അച്ഛൻമാരും, ചില മാന്യൻമാരും റവ.പ്രസന്നകുമാർ അവർകളെ ഈ ആലോചനയോടെ സമീപിച്ചു. അപ്പോൾ അച്ചൻ പറഞ്ഞ മറുപടി ഈ രഹസ്യ വഴിയിൽ ബിഷപ്പാകുന്നതു എനിക്ക് ഇഷ്ടമില്ല. എന്നെ പണം കൊടുത്തു ബിഷപ്പാക്കാൻ എൻരെ പിന്നിൽ ശ്രമിക്കുന്ന ആളുകളുടെ സഹായം എനിക്ക് ആവശ്യമില്ല. അവരുടെ ദയയും എനിക്കു ആവശ്യമില്ല. ഞാൻ ബിഷപ്പ് ആകണം എന്ന കൊതി എന്റെ മനസിൽ ഇതുവരെ ഉണ്ടായിട്ടില്ല. ഈകർണാടക ഡയോസിസി സഭ ജനങ്ങളെ നടത്തിചെല്ലുവാൻ പ്രധാന ഇടയനാകുവാൻ എന്റെ ദൈവം ഇഷ്ടപ്പെട്ടു എങ്കിൽ മാത്രം അതുപോലെ നടക്കട്ടെ!

സി.എസ്.ഐ..യിൽ ഉള്ള 22 ഡയോസിസാണ് ഈ സെന്റർ ബാംഗ്ലൂർ ഡയോസിസി. അതുകൊണ്ടാണ് ഇത്ര മത്സരം ഉണ്ടായത്. കഴിഞ്ഞ മോഡറേറ്ററും ബിഷപ്പുമായ Most Rev.S.Vasanthakumar പ്രവർത്തിച്ചവരുടെ സ്വന്ത അക്കൗണ്ടിലേക്ക് പല വിധത്തിലുള്ള വരുമാനത്തിന്റെ പണങ്ങൾ എത്തിചേർന്നതായി ധാരാളം പരാതികളും, കോടതി കേസുകളും ഇപ്പോഴും തീർന്നിട്ടില്ല. ഇപ്പോഴുള്ള ബിഷപ്പും കൈശുദ്ധമാരായി പ്രവർത്തിക്കുന്നതു കൊച്ചമ്മയും മനസ്സിലാക്കിയതു കൊണ്ട് ഇദ്ദേഹം ബിഷപ്പാക്കാതിരിക്കാൻ എതിരാളികൾ ആവോളം ശ്രമിച്ചു. എന്നാലും അവർ എല്ലാവരും പരാജയപ്പെട്ടു. ഇവരുടെ വിശ്വാസികളുടെ പ്രാർത്ഥനകളും ഡയോസിൽ ഉള്ള മറ്റ് അച്ഛൻമാരുടെ പ്രാർത്ഥനകളുമാണ് ഇദ്ദേഹത്തെ വിജയിപ്പിച്ചത്.

ഒരു പൈസപോലും മോഡറേറ്ററിനോ, മറ്റാർക്കോ കോഴയായി കൊടുക്കാതെ ബിഷപ്പായി ജയിച്ച് കേരളത്തിലുള്ള ബിഷപ്പ് റിട്ട.റവ.മൈക്കിൾ ജോൺ തിരുമാനേ അവർകളും റിട്ട.റവ.ഡോ.ജോർജ്ജ് ഐസക് അവർകളും പണം കൊടുക്കാതെ ബിഷപ്പായതുപോലെ ബിഷപ്പു റിട്ട.റവ.ഡോ.പ്രസന്നകുമാർ അവർകളും ആ കൂട്ടത്തിൽ ഉൾപ്പെടുന്നു എന്ന് അറിഞ്ഞതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം. ഇദ്ദേഹം ബിഷപ്പുസ്ഥാനം ഏറ്റെടുത്തിട്ടും മുൻപ് അച്ഛനായി പ്രവർത്തിച്ച പള്ളിയിൽ തന്റെ പദവി കാലം തീരുംവരെ അച്ഛനായി പ്രവർത്തിക്കും എന്ന വാശിയോടെ പഴയ പതിവു പോലെ തന്നെ പഴയ സ്ക്കൂട്ടറിൽ വന്ന് അച്ഛനായി പ്രവർത്തിച്ചതും ഇപ്പോഴുള്ള എല്ലാ ബിഷപ്പുമാർക്കും ഒരു നല്ല മാതൃകയായി തീരട്ടെ! ബിഷപ്പു സ്ഥാനം ഏറ്റെടുത്ത ശേഷം ഭൂരിപക്ഷബിഷപ്പുമാരുടെ നല്ല സ്വഭാവം മാറിയതുപോലെ, ഇദ്ദേഹത്തിന്റെ സ്വഭാവവും മാറാതിരിക്കാൻ ലളിതവും താഴ്മയും പ്രാർത്ഥനാജീവിതവും ഇദ്ദേഹത്തിന് തുടരണം എന്ന് നമുക്ക് എല്ലാവർക്കും പ്രാർത്ഥിക്കാം.

**ജാമക്കാരൻ.**

# കുറിപ്പ്

**അടുത്ത മോഡറേറ്റ പദവിക്കായ മത്സരം തുടങ്ങി. സെൻട്രൽ കേരള സി.എസ്.ഐ. ബിഷപ്പ് അവർകൾ മോഡറേറ്ററായി വരുവാൻ സാധ്യതയുണ്ട്. നമുക്ക് പ്രാർത്ഥിക്കാം.**

❖❖❖❖❖❖❖❖❖❖❖

**വനിതാ വർഷത്തിൽ ജാമക്കാരൻ വായനക്കാർക്കായി**

**തിരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കുന്നത്**



# സ്ത്രീകൾ വിശ്വസിക്കുന്ന കളവുകൾ അസത്യങ്ങൾ

(Dr.Lillian Stanley) ഡോ. ലില്ലിയൻ സ്റ്റാൻലി സഹോ.ആർ.സ്റ്റാൻലി (ആഹലൈശെഴ ്യൗവേ ാശശൈീ) അവർകളുടെ ഭാര്യയാണ്. ഇവരുടെ ലേഖനങ്ങൾ കടുപ്പമേറിയതാണ്. ഇത് വായിക്കുന്നവർ ഇതിൽ നല്ല ആലോചന ഏതാണ് ? സ്വീകാര്യമല്ലാത്തത് ഏതാണ് എന്ന് വിവേചിച്ച് ഏറ്റെടുക്കണം.

## 1. ഞാൻ പുരുഷനേക്കാൾ കുറഞ്ഞവളാണോ ?

ഇല്ല. നീ കുറഞ്ഞവളല്ല. ഭർത്താവ് തല എങ്കിൽ ഭാര്യ കഴുത്താണ്. രണ്ടും പ്രാധാന്യം ഉള്ളതാണ്. കാറിൽ ഏതിനാണ് പ്രാധാന്യം സ്റ്റിയറിംഗ് വീൽ ആണോ. എഞ്ചിൻ ആണോ. അതോ ഗീയറോ ? കുടുംബം എന്നത് ഒരു കൂട്ടായ ഘടനയാണ്.

അതിൽ പുരുഷന് എത്ര പ്രാധാന്യമുണ്ടോ അത്രയും തന്നെ പ്രാധാന്യം സ്ത്രീക്കുമുണ്ട്.

രണ്ടു വിധമായ ജനങ്ങളാണ് ഉള്ളത്. തിരുവചനം അനുസരിക്കുന്നവർ. അനുസരിക്കാത്തവർ. ഭാഗ്യവാൻമാർ ആരാണ് ? പുരുഷനോ ? സ്ത്രീയോ ? യേശു പറഞ്ഞത് ആത്മാവിൽ ദരിദ്രരായവർ ഭാഗ്യനാൻമാർ. സൗമ്യതയുള്ളവർ ഭാഗ്യവാൻമാർ– നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. നിങ്ങൾ ലോകത്തിന്റെ വിളചിചമാകുന്നു. ആണോ പെണ്ണോ എന്നല്ല നിങ്ങൾ എന്നാണ് യേശു രണ്ടു പേരെയും ചേർത്ത് ബഹുവചനത്തിൽ പറഞ്ഞിരിക്കുന്നത്.

ആരാണ് വലിയവൻ ? ആണോ പെണ്ണോ. ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവർ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു. (മത്താ 18:4)

സ്ത്രീയോ പുരുഷനോ എന്നുള്ള മത്സരം വിട്ടിട്ട് നമ്മുടെ ആത്മീക ജീവിതത്തിൽ കുടുംബമായി മുന്നേറുവാൻ ശ്രദ്ധചെലുത്താം.

ക്രിസ്തു യേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യഹൂദനും യവനനും എന്നില്ല. ദാസനും സ്വതന്ത്രനും എന്നില്ല. ആണും പെണ്ണും എന്നുമില്ല. നിങ്ങൾ എല്ലാവരും ക്രിസ്തു യേശുവിൽ ഒന്നത്രേ. ഗലാ 3:26-28. ക്രിസ്തുമസ്സ് അപ്പൂപ്പന്റെ വേഷം ധരിച്ച ഒരാൾ വരുമ്പോൾ അകത്തുള്ളത് സ്ത്രീയോ പുരുഷനോ എന്ന് അറിയുവാൻ കഴിയുമോ? ക്രിസ്തുവിനെ ധരിക്കുന്നതും അങ്ങനെ തന്നെയാണ്. നാമെല്ലാവരും ക്രിസ്തു യേശുവിൽ ഒന്നാകുന്നു. പുരുഷനേക്കാൾ സ്ത്രീ താഴ്ന്നവളല്ല എന്ന ചിന്ത മനസ്സിൽ ഒളിഞ്ഞു കിടക്കുന്നുവെങ്കിൽ പുരുഷനു സമാനമായ കാര്യങ്ങൾ ചെയ്യുവാൻ നീ ശ്രമിക്കും. സാത്താൻ ആദ്യം തെറ്റായ ചിന്ത നിന്നിൽ ഉളവാക്കിയിട്ട്, പിന്നെ നിന്നെ ഒരു പുരുഷനെപ്പോലെ ആക്കിവിടുന്നതുകൊണ്ട്. ദൈവം നിനക്ക് നൽകിയ വിളിയെ അലക്ഷ്യമാക്കുവാൻ നിന്നെ പ്രേരിപ്പിക്കും. വീടിന് പുറത്ത് സ്ത്രീകൾ ജോലിക്കായി പോകുന്നതിനെ തിരുവചനം എതിർക്കുന്നില്ല. സ്ത്രീകൾ വീടിന് പുറത്ത് ജോലി ചെയ്യാത്ത യുഗത്തിലേക്കു മടങ്ങിപ്പോകണമെന്ന് ഞാനും പറയുവാൻ ആഗ്രഹിക്കുന്നില്ല. പുരുഷന് കൊടുത്ത കൽപ്പന ഇതാണ്. **മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും. കഷ്ടതയോടെ വിയർപ്പു ഒഴുക്കി, അദ്ധ്വാനിക്കുന്നത്.** (സമ്പാദിക്കുന്നത്) പുരുഷന് കൊടുത്ത ശിക്ഷ ആണ്. എന്നാൽ സ്ത്രീ ആയ നീ, വേദനയോടെ മക്കളെ പ്രസവിക്കുന്നതിനോട് കൂടെ അധികമായി നിന്നെ തന്നെ നീ എന്തിനാണ് ശിക്ഷിക്കുന്നത്.?

സ്ത്രീകൾ കൂടുതലായി അദ്ധ്വാനിക്കുന്നതു കൊണ്ട് ബാധിക്കപ്പെടുന്നത് ദൈവീക ശുശ്രൂഷയാണ്. ദൈവ വേലക്കായുള്ള പ്രാർത്ഥന കുറയുന്നു. ദൈവ വേലക്കരികൾ കുറയുന്നു. തിരുവചനം പഠിച്ച്, പഠിപ്പിക്കുന്നതിൽ സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. സ്ത്രീകളുടെ ശുശ്രൂഷകളും, സ്ത്രീകളുടെ വേദശാസ്ത്ര പഠന ക്ലാസ്സുകളും, ദാരിദ്ര്യാ വസ്ഥയിലാണ്. വ്യക്തി സ്വാതന്ത്ര്യം സ്വ അഭിമാനം, എന്നിവ ആഗ്രഹിക്കുന്നതു കൊണ്ട് സ്ത്രീകൾ ഉദ്യോഗം അന്വേഷിച്ചു ഓടി നടക്കുന്നു. കുടുംബത്തിൽ തന്നെ ഇതൊക്കെ ലിഭക്കുകയാണെങ്കിൽ, ഉദ്യോഗം വഹിക്കുന്നവരുടെ കൂട്ടത്തിൽ സ്ത്രീകൾ പങ്കു ചേരുന്നതും. അങ്ങനെയുള്ളവർ കൈനിറയെ സമ്പാദിച്ച്, ഉല്ലസിച്ച് ജീവിക്കുന്നതും കാണുന്നതായ, യൗവ്വനക്കാരത്തികൾ കുടുംബത്തിൽ-വനത്തിൽ താമസിക്കണമെന്ന ചിന്ത തള്ളിക്കളയുന്നു. ജോലിക്കു പോകണം എന്നത് നിർബന്ധമാണെങ്കിൽ വീട്ടിലിരുന്നു ജോലി ചെയ്യാം. അല്ലെങ്കിൽ Part Time(പകുതി നേരം) ചെയ്യാം. ഒരു സ്ത്രീയുടെ 'ഭാവി ഒരു നൂൽ ഇഴയിൽ തൂങ്ങുന്നതു കൊണ്ട് അവൾ ഒരു ജോലി പഠിച്ചിരിക്കുന്നത് അവളുടെ ജീവിതത്തിൽ അത്യാവശ്യത്തിന് ഉപകരിക്കും.

## 2. ഭർത്താവിനെ നൂറു ശതമാനം അനുസരിക്കണമോ?

ഇല്ല, ആവശ്യമില്ല. 'ഭർത്താവ് ദൈവമല്ല. നമ്മെപ്പോലെ മനുഷ്യനാണ്. സൃഷ്ടി നന്നായി പ്രവർത്തനക്ഷമമാകുന്നതിനായി ദൈവം പുരുഷനെ തലയാക്കി, നാം തെറ്റു ചെയ്യുന്നതു പോലെ പുരുഷന്മാരും തെറ്റു ചെയ്യാം. അവിശ്വാസികളായ ഭർത്താക്കന്മാർ മാത്രമല്ല വിശ്വാസികളായ ഭർത്താ

ക്കന്മാർ പോലും തെറ്റു ചെയ്തേക്കാം. ഭർത്താവിന് കീഴ്പ്പെടുവാൻ സ്ത്രീകളോട് പറയുന്നതിന് മുൻപായി എഫെസ്യർ 5:8 -ൽ അപ്പൊസ്തലനായ പൗലോസ് എഴുതുന്നത്, "മുമ്പെ നിങ്ങൾ ഇരുളായിരിന്നു, ഇപ്പോഴോ, കർത്താവിൽ വെളിച്ചം ആകുന്നു. കർത്താവിന് പ്രസാദമായത് എന്തെന്ന് പരിശോധിച്ചു കൊണ്ട് വെളിച്ചത്തിലുള്ളവരായി നടന്നു കൊൾവിൻ. എ.ഫെ:5:9 കണ്ണു കാണാത്ത പൂച്ചയെപ്പോലെ ഇരുട്ടൽ നടക്കാതെ ദൈവം നമുക്കു നൽകിയതായ വെളിച്ചത്തിൽ നടക്കണം. കർത്താവിന് പ്രസാദമായത് എന്തെന്ന് പരിശോധിച്ചു നോക്കുക". എഫെ 5:9 നാം ചെയ്യുവാൻ പോകുന്നത് ദൈവത്തിന് പ്രസാദമാകുമോ എന്നത് ആദ്യം അറിയണം. അതുകൊണ്ട് ഉറങ്ങുന്നവനേ ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേൽക്ക. എന്നാൽ ക്രിസ്തുനിന്റെ മേൽ പ്രകാശിക്കും. എഫെ 5:14. നാം ഉറക്കത്തിൽ നടക്കുന്നവരെപ്പോലെയോ,മരിച്ചവരെപ്പോലെയോ മറ്റുള്ളവർതങ്ങളുടെഹിതപ്രകാരം നമ്മെ നയിക്കുവാൻ ഇടം കൊടുക്കാതെ ക്രിസ്തു മുഖാന്തരം ലഭിക്കുന്നവെളിച്ചത്തെ അന്വേഷിക്കണം

"ആകയാൽ സൂക്ഷ്മത്തോടെ അജ്ഞാനികളായിട്ടല്ല, ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ എഫെ 5:15. സൂക്ഷ്മത്തോടെ എന്നത് സാഹചര്യങ്ങളെയും ഭവിഷ്യത്തുകളെയും വിലയിരുത്തി, പരിജ്ഞാനത്തോടെ ജീവിക്കുന്നത് ആണ്. സ്ത്രീകൾ ദൈവഭയത്തോടെ അന്യോന്യം കീഴ്പ്പെട്ടിരിക്കേണ്ടതാണ്". എഫെ 5:21 കീഴ്പ്പെട്ടിരിക്കുക എന്നു പറയുമ്പോൾ ഭർത്താവിനെ ഭയപ്പെടുന്ന ഭയമല്ല. ഇതിൽ ദൈവ ഭയത്തിനാണ് പ്രാധാന്യം. ഭാര്യമാരേ, കർത്താവിന് എന്ന പോലെ സ്വന്ത 'ഭർത്താക്കന്മാർ കീഴടങ്ങുവിൻ. എഫെ. 5:22. കർത്താവ് ഈ കാര്യം ചെയ്യുവാൻ എന്നോട് ആവശ്യപ്പെടുമോ? എന്നു നിങ്ങളോട് തന്നേ ചോദിച്ചുനോക്കുക. എന്നാൽ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരേ ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കേണം. (എഫെ. 5:24) എന്ന് തിരുവചനം ഉത്ബോധിപ്പിക്കുന്നു. യോജിക്കുവാൻ കഴിയാത്തതോ കീഴ്പ്പെടുവാൻ, കഴിയാത്തതോ ആയ ചില പ്രത്യേക വിഷയങ്ങൾ ഉണ്ടെങ്കിൽ. അഹങ്കാരത്തോടെയല്ല. ശാഠ്യത്താലുമല്ല. താഴ്മയോടെ ആയിരിക്കുക. വിവേകം, ജ്ഞാനം, ബുദ്ധി, പരിജ്ഞാനം ഇവയെ കുറിച്ച് അപ്പൊസ്തലനായ പൗലോസ് ഇത്രയൊക്കെ പ്രബോധിപ്പിച്ചിട്ട്, മരപ്പാവപ്പോലെയുള്ള അനുസരണത്തെ പ്രോത്സാഹിപ്പിക്കുന്നില്ല. ഭാര്യമാർ നൂറു ശതമാനവും അനുസരിച്ചതുകൊണ്ട് സമൂഹത്തിൽ പലവിധമായ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. സഫീറയെ നോക്കുക. സ്ത്രീകൾ ആലോചിച്ച് പ്രവർത്തിക്കുന്നത് ദൈവം ഇഷ്ടപ്പെടുന്നില്ല എങ്കിൽ സ്ത്രീകൾക്ക് തെളിഞ്ഞ ബുദ്ധി(സുബോധം) യെ കുറിച്ച് തിരുവചനത്തിൽ ഇത്രയധികം പരാമർശിക്കേണ്ട കാര്യമില്ല. അവസരോചിത ബുദ്ധി ഉപയോഗിക്കുക. അസംഭവ്യമായത്, ആപത്ത് സ്ത്രീകൾ ഉണരുകയാണെങ്കിൽ കീഴ്പ്പെടുന്നത് ഒഴുവാക്കുക.

യൗവ്വനക്കാരത്തികൾ——————— സുബോധവും-----------തങ്ങളുടെ ഭർത്താക്കന്മാർക്കു കീഴ്പ്പെടുന്നവരും ആയിരിക്കേണം. (തീത്തോ 2:4,5) എന്ന് വചനം പറയുന്നു. ഞങ്ങളുടെ (Blessing Youth Mission)നടത്തിയ ഒരു ഫാമിലി Conference ൽ ഭാര്യയ്ക്കും 'ഭർത്താവിനും പൂരിപ്പിച്ചു നൽകുവാൻ പ്രത്യേക (Form) കൊടുക്കപ്പെട്ടു.

അതിൽ ഒരാൾ "എന്റെ ഭാര്യ"എന്നെ അനുസരിക്കുന്നില്ല. എന്ന്, എഴുതി വളരെ പരിതാപം തോന്നി. പക്ഷേ അദ്ദേഹത്തിന്റെ ഭാര്യയുടെ Form ൽ എന്റെ ഭർത്താവ് മദ്യത്തിന് അടിമയാണ് എന്നു കണ്ടു. കരയണോ? ചിരിക്കണോ? മദ്യം, മദിരാക്ഷ, പ്രശ്നങ്ങളിൽ ഭാര്യയ്ക്ക് പ്രശ്നമായ ഭർത്താവ് ഭാര്യയുടെ കീഴ്പ്പെടൽ അർഹിക്കുന്നില്ല. ഇതുകൊണ്ടു അദ്ദേഹത്തെ അലക്ഷ്യപ്പെടുത്തണമെന്നല്ല. എപ്പോഴാണ് കീഴ്പ്പെടാതിരിക്കേണ്ടത് എന്നത് ശ്രദ്ധിക്കണം.

1.പത്രോ. 3:1-4 വരെ ചിന്തിക്കുമ്പോൾ അതിൽ പറയപ്പെടുന്നതായ നിർമ്മലമായ നടപ്പ് എന്നത് വിവേകപൂർവ്വമായ അനുസരണം ഉൾപ്പെട്ടതാണ് എന്ന് മനസ്സിലാക്കി, അനുസരിക്കേണ്ടാത്ത സാഹചര്യത്തിൽ സ്ത്രികൾ സൗമ്യതയും സാവധാവമുള്ള മനസ്സോടിരിക്കണം.

ഭാര്യമാരേ നിങ്ങളുടെ ഭർത്താക്കന്മാരെ കർത്താവിൽ ഉചിതമാകും വണ്ണം കീഴടങ്ങുവിൻ. കൊ.ലോ. 3:18

നിങ്ങളുടെ അനുസരണം സന്തോഷത്തോടെ ദൈവം അംഗീകരിക്കുമോ? എന്നത് ആ സാഹചര്യത്തിൽ ചിന്തിച്ചു നോക്കുക. എന്നിട്ട് പിൻവരുന്നതായ ചോദ്യങ്ങൾ ചോദിക്കുക. എന്റെ അനുസരണം ദൈവനാമം മഹത്വപ്പെടുത്തുമോ? എന്റെ കുടുംബത്തിന് മുറിവുണ്ടാക്കുമോ? ആർക്കെങ്കിലും മാനഹാനി ഉണ്ടാക്കുമോ? മറ്റുള്ളവരോട് എന്റെ അനുഭവം പങ്കുവെയ്ക്കുവാൻ സാധിക്കുമോ? എന്റെ അനുസരണത്തിനാൽ ഞാൻ ദൈവത്തെ അനുസരിക്കുന്നവൾ ആകുമോ? സ്നേഹത്തിൽ നടക്കുന്നവൾ ആയിരിക്കുമോ? പരിജ്ഞാനത്തിനും ഭർത്താവിനോടു കീഴ്പ്പെടുന്നതിനും ഇടയിലുള്ള അതിർവരമ്പിൽ നടക്കുന്നതുപോലെ ഒരു സ്ത്രീ ആയിരിക്കണം.

ഞാണിന്മേൽ നടക്കുന്ന ഈ രീതി സങ്കൽപിക്കുവാൻ, അനുഭവമാണ് അവളുടെ ഗുരു. എസ്ഥേർ അതു ചെയ്തു.

നിങ്ങളുടെ അനുസരണമില്ലായ്മ നിങ്ങളുടെ ഭർത്താവിന് അഭിമാനം നൽകുമെങ്കിൽ അതാണ് പരിജ്ഞാനം എന്നു പറയാം.

## 3. എനിക്കു ജാഞാനമില്ല

ആരാണ് പറഞ്ഞത് ? സ്ത്രീകളിൽ പലരും തങ്ങൾക്ക് ജ്ഞാനമില്ല എന്ന് ഭാരപ്പെടുന്നു. സമുദായം പെൺബുദ്ധി പിൻബുദ്ധി എന്നു പറഞ്ഞാൽ അത് വിശ്വസിച്ച് ഏറ്റെടുക്കുന്നു. ബുദ്ധിഹീനമായ എന്തെങ്കിലും പ്രവർത്തിച്ചാൽ തങ്ങളെത്തന്നെ കുറ്റപ്പെടുത്തുന്നു.

നിങ്ങൾ ജ്ഞാനത്തിൽ(ബുദ്ധി) വളരണമെന്നതൊഴിച്ചാൽ വേറൊന്നുമില്ല. ജ്ഞാനത്തിനായുള്ള തിരുവചനം പുരുഷന്മാർക്കുമാത്രമല്ല, സ്ത്രീകൾക്കും കൂടെയുള്ളതാണ്. യാക്കോബ് 1:5, നിങ്ങൾ ചെയ്യേണ്ടുന്നത് ദൈവത്തോട് ചോദിക്കുക എന്നുള്ളത് മാത്രമാണ്. വലിയ വിഷയങ്ങൾക്കു മാത്രമല്ല അന്നന്നുള്ള തീരുമാനങ്ങൾക്കും വേണ്ടി തന്നേ.

പെട്ടെന്നുള്ള പ്രാർത്ഥനമാത്രമല്ല, അനുദിനവും ആഴമായി മുറുകെ പറ്റിയുള്ള ഭാരത്തോടുകൂടിയ പ്രാർത്ഥന അങ്ങനെയുള്ള പ്രാർത്ഥനയിൽ നിങ്ങൾ യാചിക്കുന്നത് ധാരാളമായ് ലഭിക്കും. ഇത് എഴുതുന്നതായ ഞാനും (Dr. Lillian Stanley) ജ്ഞാനത്തിനായ് കർത്തൃപാദം പറ്റി യാചിച്ചു. മാറ്റം കണ്ടു. അതിനുശേഷം വളരെ ഏറെ ആത്മാവിൽ വളർന്നു വന്നിരിക്കുന്നു.

യാചിപ്പിൻ എന്ന ലളിതമായ കാര്യം എത്രപേർ പ്രാവർത്തികമാക്കുന്നുണ്ട്? സംശയിക്കാതെ വിശ്വാസത്തോടെ യാചിപ്പിൻ. സ്തീക്കു തല പ്രധാനമായ ആയുധമാണ്. ജ്ഞാനം എന്നാൽ ജ്ഞാനത്തിനു വേണ്ടി പ്രാർഥിക്കുക എന്നത് മാത്രമല്ല പരിജ്ഞാനത്തോടെ കാര്യങ്ങൾ ചെയ്യുന്നതും കൂടെയാണ്. യേശുക്രിസ്തു മത്താ 7:24 – ൽ വരച്ചു കാണിച്ചിരിക്കുന്ന വരകളിൽ കൂടി വഴുതിപ്പോകാതെ നടക്കേണ്ടുന്നതാണ്. ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു.

സദൃശവാക്യങ്ങൾ 3-ാം അദ്ധ്യായത്തിൽ ജ്ഞാനത്തിന്റെ മഹത്വം വർണ്ണിക്കുന്നു. എന്നാൽ അത് സ്വന്തം എന്ന അഭിമാനം കൊള്ളുന്നത് ആരാണ്? നിനക്കു തന്നെ നീ ജ്ഞാനിയായ് തോന്നരുത്. യഹോവയെ ഭയപ്പെട്ട് ദോഷം വിട്ടകലുക. സദൃശ : 3:7 ഇതിനേക്കാൾ വ്യക്തമായി ഈ വചനങ്ങൾ പറയുവാൻ കഴിയുമോ ? ദൈവത്തെ ഭയപ്പെട്ട് ദോഷം (തിന്മ) കണ്ടാൽ ദൂരെ ഓടിപ്പോകുന്നതാണ് ബുദ്ധി. സംശയമുള്ള വിഷയമാണെങ്കിൽ വിവേകത്തോടെ കൈകഴുകിക്കളയുക.

(വിട്ടുവിടുക) നിങ്ങൾക്കു സംശയം തോന്നുന്നു എങ്കിൽ തിരുവചനത്തിൽ അന്വേഷിച്ച് കണ്ടുപിടിക്കുക. സുബോധത്തിന്റെ ആത്മാവിനെയത്രേ ദൈവം നമുക്ക് തന്നത്. 2 തിമൊ. 1:7

## 4. ചതയ്ക്കപ്പെട്ടതുകൊണ്ട് ഞാൻ ചതഞ്ഞുപോയി.

നിങ്ങൾ ചതഞ്ഞു പോയില്ല. ഏതൊരു പുറം ശക്തിക്കും നിന്നെ ഞെരിക്കുവാൻ സാധ്യമല്ല. നിങ്ങൾ ബലഹീനർ ആണെങ്കിൽ ബലവാന്മാരാകും, എന്നതുപോലുള്ള രസകരമായ തത്ത്വങ്ങൾ തിരുവചനത്തിൽ കാണുവാൻ സാധിക്കും. മെലിഞ്ഞ ശരീരപ്രകൃതമുള്ള പൗലോസ് അപ്പോസ്തലൻ, അത്ഭുത ശക്തിയുള്ള അപ്പോസ്തലനായി മാറി. അനാഥയായ എസ്ഥർ ചരിത്രത്തിന്റെ താളുകൾ കീഴ്മേൽ മറിച്ചു. ഞെരിക്കപ്പെട്ട എബ്രായർ നക്ഷത്രങ്ങളുടെ കൂട്ടുകാരായിത്തീർന്നു. താഴ്ത്തിയാൽ ഉയർത്തപ്പെടും. നാം വിശ്വസിക്കുന്നതിന് എതിരാണ് ഇതെല്ലാം. ഭർത്താവോ, അമ്മാവിയപ്പനോ, അമ്മാവിയമ്മയോ, മാതാപിതാക്കളോ, സഹോദരങ്ങളോ, ആരായാലും നമ്മെ തലയിൽ ഞൊണ്ടിക്കൊണ്ടിരിക്കാം. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ആക്രോശിക്കുന്നതോ ? അനുഗ്രഹിക്കുന്നതോ ? അതു നമ്മുടെ തിരഞ്ഞെടുപ്പു പോലിരിക്കും.

ദൈവരാജ്യത്തിന് എതിരായുള്ള ആശയങ്ങൾ യേശുവിന്റെ ഗിരിപ്രഭാഷണം വരച്ചുകാണിക്കുന്നു. നിങ്ങൾ ആത്മാവിൽ ദരിദ്രരായാൽ ദൈവരാജ്യത്തിന്റെ അവകാശികൾ ആകും. യുദ്ധം ചെയ്ത് കൈവശപ്പെടുത്തുന്നതിനാലല്ല, കരയുന്നവരായാൽ ആശ്വാസം പ്രാപിക്കും. ദു:ഖത്തിന്റെ കാരണമായതിനെ തൂത്തെറിയുന്നതുകൊണ്ടല്ല, സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കും. മറ്റുള്ളവരുടെ തലയിൽ തീ കോരിയിടുന്നവർ അല്ല, മത്താ : 5:3-5 എനിക്കു നേരിടുന്ന യുദ്ധങ്ങൾ ഞാൻ തന്നെ നടത്തുന്നില്ല എങ്കിൽ ദൈവം എനിക്കായ് യുദ്ധം ചെയ്യും എന്നുള്ളത്, എന്റെ അനുഭവത്തിൽക്കണ്ട യാഥാർത്ഥ്യമാണ്.

നിങ്ങൾ താഴെ തള്ളി വീഴ്ത്തപ്പെടാം. അവഗണിക്കപ്പെടാം. പൊടിയെന്ന് തൂത്തെറിയപ്പെടാം. ഭാരപ്പെടേണ്ട. ലേയാ മുറിവേൽപ്പിക്കപ്പെട്ടു. അവഗണിക്കപ്പെട്ടത് കണ്ട കർത്താവ് അവൾക്ക് പുത്ര സൗഭാഗ്യം നൽകി. യേശുവിന്റെ പൂർവ്വിക മാതാവാക്കി, ഉയർത്തി നിർത്തി. അവളുടെ നിലവിളി മാത്രമല്ല, നെടുവീർപ്പും കേൾക്കുന്ന ദൈവമാണ്. (ഉൽപ. 21 :17, പുറ 2: 24)

മറ്റുള്ളവരെ എതിർക്കുന്നത് (കരാട്ടെ ചെയ്യുന്നത്) നിർത്തി, കരങ്ങൾ ഉയർത്തി നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിക്കുക. അതിനുശേഷം നിങ്ങളെ അതിശയിപ്പിക്കുന്ന ഫലം കാണും. വിരോധവും, ക്രോധവും, നിങ്ങളുടെ ഉള്ളിൽ പ്രവർത്തിക്കുവാൻ അനുവദിക്കുന്നുവെങ്കിൽ നിങ്ങളുടെ കുടലുകൾ വെന്തുരുകിപ്പോകും. നിനക്കു സകലവും കഴിയുമെന്നും, നിന്റെ ഉദ്ദേശമൊന്നും അസാദ്ധ്യമല്ലെന്നും ഞാൻ അറിയുന്നു. ഇയ്യോ 42 :2 ദൈവം നിങ്ങൾക്കായി ഒരുക്കിയ പദ്ധതിയെ മാറ്റുവാൻ ആരാലും സാധ്യമല്ല. ദൈവത്തോടു സംസാരിക്കുക; നിങ്ങളോട് തന്നേ സംസാരിക്കുക, തിരുവചനങ്ങളോടും സംസാരിക്കുക, സാത്താനും കുറെശ്ശെ വർത്തമാനം പറയുവാൻ നിങ്ങളെ സമീപിക്കും. അവരെ വിരട്ടി ഓടിക്കുക.

എന്റെ ദൈവിക ശുശ്രൂഷയുടെ ആരംഭനാളുകളിൽ ചില പ്രധാന വ്യക്തികൾക്ക് പ്രഭാത ഭക്ഷണം ഒരുക്കുന്നതിനായി രൂപീകരിക്കപ്പെട്ട ഞാനുൾപ്പെട്ട സംഘത്തിൽ പ്രധാന ചുമതലയുള്ള ഒരു സഹോദരി എന്നോടുള്ള അസൂയകൊണ്ട് എന്നെ അവഗണിക്കാറുണ്ട്. എനിക്ക് എന്തെങ്കിലും ജോലി നൽകുവാൻ ഞാൻ അപേക്ഷിച്ച പ്പോൾ ശരി പോയി "ഇഡ്ഡലിയ്ക്ക് മാവരയ്ക്കുക" എന്നു പറഞ്ഞു. അത് തലേ ദിവസം ചെയ്യാനുള്ളതാണെന്ന് എല്ലാവർക്കും അറിയാമല്ലോ. അന്ന്, ആധുനിക ഉപകരണങ്ങൾ ഒന്നും ഇല്ലാതിരുന്നതുകൊണ്ട് ആട്ടുകല്ലിൽ അരി ആട്ടി - അടുത്ത ദിവസം പ്രധാന ലീഡർമാർ വന്നപ്പോൾ മേൽ പറഞ്ഞ സഹോദരി അവരിൽ നിന്ന് നല്ല സർട്ടഫിക്കറ്റ് ലഭിക്കുന്നതിനായി അങ്ങുമിങ്ങും ഓടി നടന്നു. ഞാൻ കല്ലുപോലെ നിന്ന് എന്നെ ഓർത്തു ഭാരപ്പെട്ടുകൊണ്ടിരുന്നു. എല്ലാവരും ഭക്ഷണം കഴിച്ചു കൊണ്ടിരുന്നപ്പോൾ അതിൽ ഒരു വ്യക്തി ഇഡ്ഡലി എങ്ങനെയാണ് ഇത്രയും പതുപതുപ്പായത് (സോഫ്റ്റ്) എന്നു ചോദിച്ചു. മറ്റൊരാൾ ഇഡ്ഡലിയുടെ രഹസ്യം,

മാവരയ്ക്കുന്നതിലാണ്. ആരാണ് മാവരച്ചത് ? എന്നു ചോദിച്ചു. എന്റെ ഭർത്താവ്. അഭിമാനപൂർവ്വം "എന്റെ ഭാര്യയാണ്". മാവരച്ചത് എന്നു പറഞ്ഞു. ലീഡേഴ്സ് എല്ലാവരും എന്നെ നോക്കി, ബീറ്റ്റൂട്ടുപോലെ എന്റെ മുഖം ചുമക്കുന്നതുവരെ എന്നെ അഭിനന്ദിച്ചു. എല്ലാവരും പോയശേഷം നടന്ന കലഹം പറയേണ്ടതുണ്ടോ? ദൈവം അനീതിയുള്ളവനല്ല. ഇത് ഒരു ചേറിയ സംഭവമാണ്. മറ്റുള്ളവർ എന്നെ നിസ്സാരമായി കരുതിയപ്പോഴെല്ലാം ദൈവം എന്റെ കരങ്ങൾ പിടിച്ച് വെറുപ്പിനെ -വെറുപ്പ് മൂലം നേരിടുന്നത് ബുദ്ധിമോശമാണെന്ന് പഠിപ്പിച്ചിട്ടുണ്ട്.

ഇതൊക്കെയാണെങ്കിലും നിങ്ങൾ നിങ്ങളിൽത്തന്നേ ഒതുങ്ങിക്കഴിയുകയാണോ? എഴുന്നേറ്റു പ്രകാശിക്കുവാൻ പൂർണ്ണമായും ശ്രമിച്ചുവോ? സ്വന്ത അവകാശങ്ങൾ നിലനിറുത്തുവാൻ കഴിയാതെ വിട്ടുകളഞ്ഞുവോ. എന്ന് സാഹചര്യങ്ങൾക്കരനുസരിച്ച് ചിന്തിച്ചുനോക്കുക. നിസ്സഹായകർ ശാരീരികമായോ മാനസ്സികമായോ മറ്റുള്ളവർ നമ്മെ ഉപദ്രവിക്കുവാൻ ആരും അനുവദിക്കരുത്. ആരും നിങ്ങളെ തങ്ങളുടെ ഇംഗിതത്തിനനുസരണമായി പന്തുതട്ടിക്കളിക്കരുത്. വ്യക്തി സ്വാതന്ത്ര്യം എന്നത് ഓരോരുത്തരുടെയും അവകാശമാണ്. എപ്പോഴാണ് അവനവന്റെ അവകാശങ്ങൾക്കായി പോരാടേണ്ടത്?. എപ്പോഴാണ് മൗനം പാലിക്കേണ്ടത് എന്നത് ദീർഘകാലത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ നമുക്ക് കണ്ടറിയാം.

## 5. എനിക്ക് ദൈവത്തെ സേവിക്കുവാൻ സാധിക്കുകയില്ല.

എന്തുകൊണ്ട് സാധിക്കുകയില്ല? ഭർത്താവ്, കുഞ്ഞുങ്ങൾ, മാതാപിതാക്കൾ, അമ്മായിയമ്മ, അമ്മാവിയപ്പൻ, എന്നിവരെയൊക്കെ ശുശ്രൂഷിച്ച് വീട്ടുകാര്യം ശ്രദ്ധിക്കുന്നത് കർത്തൃ സേവയാണ് എന്നത് പ്രധാനമായി മനസ്സിലാക്കേണ്ടതാണ്. വീട് ശുചിയാക്കുന്നത്, കഴുകുന്നത് എന്നിവയൊന്നും ഹീനമായ ജോലിയല്ല. സുവിശേഷ യോഗങ്ങൾ, കുഞ്ഞുങ്ങളെ വളർത്തുന്നത്, അതിഥികളെ സൽക്കരിക്കുന്നത്, ദൈവവേലക്കാരെ സഹായിക്കുന്നത്, ദു:ഖിതരെ ആശ്വസിപ്പിക്കുന്നത്, കുടുംബ കാര്യങ്ങൾ നോക്കുന്നത് ഞെരുക്കമുള്ളവരുടെ മുട്ടു തീർക്കുന്നത് ഇവയൊക്കെയും സ്ത്രീകളുടെ ശുശ്രൂഷകളാണ്.

1 തിമൊ. 5:10-14 എല്ലാ വശത്തുനിന്നും (ഭർത്താവുൾപ്പെടെ) കുറ്റപ്പെടുത്തൽ, കുത്തുവാക്കു കൾശാരീരിക ക്ഷീണം, എന്നിവയൊക്കെയും ഒരു സ്ത്രീയ്ക്ക് നേരിടേണ്ടിവരുന്നതുകൊണ്ട് മേൽ പറഞ്ഞ സാഹചര്യങ്ങളിൽ ശുശ്രൂഷ ചെയ്യുന്നത് വളരെ പ്രയാസമാണ്. ഇതിനെല്ലാമുപരിയായി അവളെ എഴുന്നേൽപിക്കുന്ന അളവിലേക്ക് അവൾക്ക് ആത്മീക ബലം ഇല്ല എങ്കിൽ അവൾക്ക് അധികം ഒന്നും ചെയ്യുവാൻ സാധിക്കിയില്ല.

ദെബോരായോ നോക്കുക. ഞാൻ സ്ത്രീയാണ്, യുദ്ധത്തിന് എങ്ങനെ പോകുവാൻ കഴിയും? എന്ന് ചിന്തിച്ചിരുന്നുവെങ്കിൽ എന്തായിരിക്കും ഗതി? ബാരാക്ക് ചെയ്തത് അതുതന്നെയാണ്. അവന് ദൈവത്തിലോ, തന്നിലോ, വിശ്വാസം ഇല്ല. അതുകൊണ്ട് ദൈവം വോറൊരു വ്യക്തിയെ അന്വേഷിച്ച് സ്ത്രീയായ ദെബൊറായെ കണ്ടുപിടിച്ചു. അവൾ തന്റെ കുടുംബത്തെയും (വീട്ടുകാരെയും) നോക്കി യിസ്രായേലിന് ന്യായപാലനം നടത്തുകയും ചെയ്തു.

ദൈവം അവളെ യുദ്ധത്തിന് വിളിച്ചു. O.K. (ഓ.കെ) എന്നു പറഞ്ഞു. അവളെക്കൊണ്ടു സാധിക്കുമോ? അവളാലല്ല, അവളെ വിളിച്ച ദൈവത്തിന്റെ ബലത്താൽ സാധിച്ചു. യുദ്ധത്തിൽ എന്താണ് സംഭവിച്ചത് ? നടന്ന അത്ഭുതങ്ങളെ ശ്രദ്ധിക്കുക..... ജനങ്ങൾ സ്വമേധയാ സേവിച്ച് അവളെ സഹായിച്ചു. (ന്യായാധി. 5:2) ഭൂമി കുലുങ്ങി (ന്യായാ 5:4) ആകാശം പൊഴിഞ്ഞു. മേഘങ്ങൾ വെള്ളം ചൊരിഞ്ഞു. ആകാശത്തുനിന്നു നക്ഷത്രങ്ങൾ സിസെരയോട് യുദ്ധം ചെയ്തു. ആറ്റുവെള്ളം തള്ളിയവരെ ഒഴുക്കിക്കൊണ്ടുപോയി. കുതിരക്കുളമ്പുകൾ പിളർന്നുപോയി. വേറൊരു സ്ത്രീയായേൽ സിസെരയെ കൊല്ലുവാനിടയായി. ദെബോറാ ചെയ്തത്. O.K (ഒ.കെ) എന്ന് സമ്മതിച്ചതു മാത്രം.

ഒറീസ്സായിൽ, പട്ടിണിമൂലം കഷ്ടപ്പെടുന്നവർ, ഭവനങ്ങൾ ഇല്ലാത്തവർ, രോഗികൾ തുടങ്ങിയവരെ സഹായിക്കുവാൻ ദൈവം എന്നെ വിളിച്ചപ്പോൾ പർവ്വതത്തെ കണ്ടു ഭയന്നു നിന്ന എലിയെപ്പോലെ ഞാൻ ആയിരുന്നു. ദെബോറയ്ക്കു സംഭവിച്ചതു എനിക്കും ഭവിച്ചു. ധാരാളം പേർ എന്നെ സഹായിച്ചു. ഇന്നു നമ്മുടെ മിഷനറിമാർ അവിടെ സേവനം ചെയ്യുന്നു. ആയിരക്കണക്കിനാളുകൾക്ക് പ്രയോജനപ്പെടുന്നു. ദൈവത്തിന് O.K (ഒ.കെ.) എന്ന് പൂർണ്ണ സമ്മതം മൂളുമെങ്കിൽ നിങ്ങളുടെ ജീവിതത്തിൽ മന്ദമാരുതൻ വീശും. ഓ – നോ– (ഇല്ല) എന്നു പറഞ്ഞു കൊണ്ടാണോയിരിക്കുന്നത്? പലരും ദൈവവിളിയ്ക്ക് പുറം തിരിഞ്ഞു നിൽക്കുന്നു. തലകുനിച്ച്. ഇതാ ഞാൻ വരുന്നു എന്നു പറയുമോ?

## 6. ഈ ഇടിയിൽ (Thunder) ഞാൻ ജീവിക്കയില്ല

നിശ്ചയമായും ജീവിക്കും. രോഗം, ദു:ഖം, നിരാശ, വേർപാട്, നഷ്ടം, ആപത്ത്, വേർപിരിയുന്ന വിവാഹ ജീവിതം, മാനഹാനി, ഇവയൊക്കെയും നമ്മുടെ ജീവിതത്തെ ഇടി വെട്ടും പോലെ ബാധിക്കുമ്പോൾ നമ്മുടെ ജീവിത പടക് മറിഞ്ഞ് നമ്മുടെ ധൈര്യത്തെ നശിപ്പിക്കും. ഞാൻ ജീവിച്ചിട്ടെന്തു കാര്യം എന്ന് ഞാൻ പോലും ചിന്തിച്ച പല നാളുകൾ എന്റെ ജീവിതത്തിലുണ്ട്. പക്ഷേ ഇന്ന് തലയിൽ വീണ ഓരോ ഇടിയും, പഠിപ്പിച്ച പാഠങ്ങൾ മൂലം ആത്മീയ ജീവിതത്തിൽ പുഷ്ടിയോടെ ആയിരിക്കുന്നു..

ജീവിതം ഒരു റോളർ കോസ്റ്റർ പോലാണ്. അടുത്ത തിരിവ (turning) എന്താണെന്ന് പറഞ്ഞറിയിക്കാൻ സാധിക്കുകയില്ല. ജീവിതത്തിൽ നമുക്കു ലഭിക്കുന്നതു കൊണ്ട് നല്ലതുപോലെ ജീവിക്കുവാൻ ശ്രമിക്കണം. ചിലർ ചുമടുതാങ്ങികളെപ്പോലെ കഷ്ടങ്ങൾ സഹിച്ചു, ജീവിക്കുവാൻ ശക്തിയുള്ളവരാണ്. ചിലർ തകർന്നു പോകും. മനസ്സിന്റെ സമനില നഷ്ടപ്പെട്ട്, മനോരോഗങ്ങൾക്കോ, ആത്മഹത്യയിലേക്കോ നയിക്കപ്പെടാം. അതുകൊണ്ട് ഒന്നാമതായി നിങ്ങൾ ചെയ്യേണ്ടുന്നത്, ദു:ഖത്തിൽ നിന്ന് മുക്തിനേടാൻ അവസരമൊരുക്കുകയാണ്. കണ്ണീരൊഴുക്കാതെ കണ്ണിനെ തുടയ്ക്കുക. കരഞ്ഞിട്ട് എന്തു ഫലം? എഴുന്നേൽക്കുക. പുറത്തുവരിക എന്ന് ചിലർ നല്ല മനസ്സോടെ നിങ്ങളെ ധൃതിപ്പെടുത്തും. ദു:ഖം എന്നത് ജീവിതത്തിലെ ഒരു യാഥാർത്ഥ്യമാണ്. സമയം–ദീർഘിപ്പിക്കുക. കണ്ണീരൊഴുക്കുന്നത് മറ്റുള്ളവരുടെ സന്ദർശനം ഒഴിവാക്കുന്നത്, കിടക്കയിൽ കിടക്കുന്നത്, ഇതൊക്കെയും, സ്വാഭാവികമാണ് – സാരമില്ല.

ദു:ഖത്തിൽ ആണ്ടുപോയവർ ഒരുവർഷത്തിനകം പഴയ നിലയിലേയ്ക്ക് തിരികെ വരണമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. എന്നെങ്കിലും ഒരിക്കൽ നിങ്ങൾ യാഥാർത്ഥ്യം ഉൾക്കൊണ്ട് എതിരാളികളെ കീഴ്പ്പെടുത്തി, വെല്ലുവിളികളെ അഭിമുഖീകരിച്ച് ജീവിതത്തിലേക്ക് തിരിച്ചു വരണം. മാളത്തിൽ നിന്ന് പുറത്തിറങ്ങി ജനങ്ങളെ സന്ദർശിക്കുവാൻ തുടങ്ങുക. നിങ്ങളെപ്പോലുള്ള ജനങ്ങളോട് കൈകോർത്ത് അതേനിലയിലായിരിക്കുന്നവരെ താങ്ങുവാൻ ഒരു ചുവടുതാങ്ങി സംഘടന രൂപീകരിക്കുക. പുതിയ കലകൾ പഠിക്കാം.

സാഹിത്യമോ – ചിത്രകലയോ, നിങ്ങളുടെ അഭിരുചിയെ ഉത്തേജിപ്പിക്കും. ഏതിലെങ്കിലും നൈപുണ്യം നേടാം. നടക്കുന്നതുപോലുള്ള വ്യായാമമുറകൾ നിങ്ങളുടെ മനസ്സിനും, ശരീരത്തിനും ഉല്ലാസം നൽകും. ജീവിതം അനുഭവിക്കുവാൻ ശീലിക്കുക. മുന്നോട്ടു നോക്കുക, പുറകിലേയ്ക്ക് തിരിഞ്ഞു നോക്കരുത്. ഭൂതകാലത്തിന്റെ തടവിൽ ആയിപ്പോകാതിരിക്കേണ്ടതിന് ഉണർന്നിരിക്കുക.

കഠിനമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ദൈവം ധൈര്യമുള്ളവരെ അന്വേഷിച്ചു കണ്ടെടുക്കുന്നു. മറ്റു സ്ത്രീകളെ അഭ്യസിപ്പിക്കാൻ, വേണ്ടി ഈ കാര്യം നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കുവാൻ നിങ്ങൾ തെരഞ്ഞെടുപ്പെട്ടവരാണ് നിങ്ങൾക്ക് നേരിട്ട ഒരു വലിയ പ്രശ്നം മറ്റുള്ളവർക്ക് മാർഗ്ഗ ദർശിയാകാം.

നിങ്ങളുടെ അവസ്ഥയെ വിചാരിച്ച് വേദനിച്ച് വേദനിച്ച് ജീവിതത്തെ അർത്ഥ ശൂന്യമാക്കരുത്, മുന്നേറുക, ഒരു സ്ത്രീ, ഭാര്യ, മാതാവ്, പോത്തിനെപ്പോലെ ആയിരിക്കരണം. എഴുന്നേറ്റു നിൽക്കുക, ധൈര്യപ്പെടുക.

## 7. ഞാൻ പൂർണ്ണമായും പരാജിതയാണ്.

ഇല്ല, ഇല്ലേയില്ല. ഇനിയും നിങ്ങളുടെ വായ്കൊണ്ട് അങ്ങനെ പറയരുത് ജീവിതത്തിൽ നാം പരാജിതർ എന്നു നമ്മെ നാം തന്നെ എണ്ണുവാൻ കാരണം നാം തോറ്റവർ എന്നതിനാലല്ലോ, നമ്മുടെ ദൈനംദിന ജീവിതത്തിലെ ജയത്തെ നാം കണക്കിലെടുക്കാത്തതുകൊണ്ടാണ്. നിങ്ങൾ ജീവിതമാകുന്ന ഓട്ടത്തിൽ തോറ്റുപോയവരെന്ന് പിശാചു പറയുന്നതിനെ വിശ്വസിക്കരുത്. ജീവിതത്തിനെ മഴവില്ലുപോലെ കാണുക. താൻ ജീവിതത്തിൽ പൂർണ്ണമായും പരാജയം ഏറ്റുവാങ്ങിയവളെന്ന് എന്നോട് പറഞ്ഞ് കരയുവാൻ വേണ്ടി ഒരു സ്ത്രീ കാരണം ദൂരെയുള്ള പട്ടണത്തിൽ നിന്ന് വന്നു.

അവളുടെ കഥയെല്ലാം പറയുമ്പോൾ അവൾ ചെയ്ത പല നല്ലകാര്യങ്ങൾ എന്റെ ശ്രദ്ധയിൽപെട്ടു. തന്റെ കഥ പറഞ്ഞവസാനിപ്പിച്ച് കണ്ണുനീർ തുടച്ചപ്പോൾ അവളുടെ പ്രവൃത്തിയിലെ നല്ല വശങ്ങൾ ഞാൻ ചൂണ്ടിക്കാണിച്ചു.

കണ്ണുനീർ മാറി മുഖം സന്തോഷിച്ചു. അങ്ങനെയാണെങ്കിൽ ഞാൻ പരാജിത എന്ന് നിങ്ങൾ ചിന്തിക്കുന്നില്ലേ? എന്ന വിറയാർന്ന അധരങ്ങളോടെ ചോദിച്ചു. ശ്ശേ- ഇല്ലേയില്ല എന്നു ഞാൻ പറഞ്ഞു. പുതിയ ഒരു വ്യക്തിയായി തിരികെ പോയി.

ക്രൂശിൽ മരിച്ചതുകൊണ്ട് യേശുക്രിസ്തു പരാജിതനാണോ? മുഴുലോകത്തിനും രക്ഷകനായിത്തീർന്നില്ലേ. പാപത്തിൽ വീണതുകൊണ്ട് ദാവീദ് തോറ്റുപോയവനാണോ? അവൻ കരഞ്ഞു - കരഞ്ഞുപാടിയ പാട്ടുകൾ എല്ലാവരെയും, ആശ്വസിപ്പിക്കുന്നില്ലേ? അത്ഭുത രോഗശാന്തി വരമുള്ള എലീശാ പ്രവാചകൻ രോഗിയായി മരിച്ചതുകൊണ്ട് പരാജിതനാണോ? 2 രാജാ 13:14 അദ്ദേഹത്തിന്റെ അസ്ഥികൾ തൊട്ടമാത്രയിൽ മരിച്ചവൻ ജീവൻ പ്രാപിച്ചു. മിറിയാം തന്റെ ദൃഷ്ടിയിൽ തോറ്റവളായി നിത്യതയിൽ പ്രവേശിച്ചിരിക്കാം.

എന്നാൽ പല നൂറ്റാണ്ടുകൾക്കുശേഷം ഷീഖാ പ്രവാചകൻ അവളെ ഒരു നേതാവായി ചിത്രീകരിക്കുന്നു. പ്രശസ്തമായ നിലയിൽ ജയം നേടിയവരുടെ സമീപത്തു നിൽക്കുമ്പോൾ നിങ്ങളെ തോറ്റവരായിക്കാണുവാൻ തോന്നും. നിങ്ങൾ നിങ്ങളെ ആരോടും താരതമ്യപ്പെടുത്തരുത്. ദൈവത്തിന് നിങ്ങൾ പ്രത്യേക വ്യക്തിത്വമുള്ളവരാണ്. ദൈവം നിങ്ങളെക്കൊണ്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യം നിങ്ങൾ ചെയ്താൽ മതി.

നിങ്ങൾ നിങ്ങളായിത്തന്നേ ഇരിക്കുക. മറ്റൊരാളെപ്പോലെയാകുവാൻ ശ്രമിക്കരുത്. അസൂയ, സ്വന്തം കഴിവുകളിലുള്ള വിശ്വാസമില്ലായ്മ ഇങ്ങനെ ഏതെങ്കിലും നിങ്ങളിൽ മറഞ്ഞിരുന്ന് നിങ്ങളെ ഒന്നിനും കൊള്ളാത്തവരാണ് എന്ന് തോന്നിപ്പിക്കുന്നുണ്ടോ എന്ന് കണ്ടുപിടിച്ച് അതിനെ അതിജീവിക്കുക. നിശ്ചയദാർഢ്യവും, ഉത്സാഹവുമാണ് നിങ്ങൾക്ക് ആവശ്യം.

ഏതു സാഹചര്യത്തിലും ചെയ്യാവുന്ന കാര്യങ്ങൾ ഉണ്ട്. കാണുവാൻ അസാധ്യമെങ്കിലും, അത് അവിടെത്തന്നെയുണ്ട്. നഷ്ടം, ഒരു ലാഭമായി മാറ്റാം. ജീവിതത്തിലെ നഷ്ടങ്ങൾ ആത്മീക ജീവിതത്തിൽ വളരുവാൻ ഒരു അവസരം, പലതും പഠിക്കുവാൻ അവസരങ്ങൾ, മേന്മയുള്ള വീരാംഗന ആയിത്തീരുവാൻ തോൽവി എന്നെ ഉത്തേജിപ്പിച്ചിട്ടുണ്ട്. ടെന്നിസ് കളിക്കുന്നതുപോലെ ജീവിതത്തിലും മുന്നോട്ടു പോകണം.

ഒരു പ്രാവശ്യം തോൽക്കേണ്ടിവന്നതുകൊണ്ട് ടെന്നീസ് കളിയിലെ - സെറീന വില്യംസിന്റെ തോൽവി ലോകാവസാനമല്ല.

നമ്മുടെ ദൗർബല്യങ്ങളെ ചിന്തിച്ച് അതിൽത്തന്നെ നിൽക്കുന്നതാണ് നമ്മുടെ തോൽവി. അതു വിട്ടിട്ട് നമ്മുടെ കഴിവുകളിൽ ശ്രദ്ധ വെച്ച് നമുക്ക് ചെയ്യുവാൻ കഴിവുള്ള കാര്യങ്ങൾ ഏറ്റവും നന്നായി ചെയ്യുന്നതിൽ ശ്രദ്ധ ചെലുത്തണം. നമ്മെ നാം തന്നെ ദുർബലപ്പെടുത്തുന്നത് നാശത്തിലേക്കുള്ള വഴിയാണ്. ഒരു കാര്യം നിങ്ങൾ വിചാരിച്ചിട്ട് നടത്തുവാൻ കഴിഞ്ഞില്ലേ? നടത്തുവാൻ ശ്രമിക്കുക. ജീവിതം എങ്ങനെയെങ്കിലും ജീവിക്കാം എന്നു ചിന്തിക്കരുത്. നിങ്ങൾ ജീവിത്തെ നോക്കി, തുറന്ന കരങ്ങളോടെ ഓടണം എന്ന് ആരോ പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ ഭാവിയുടെ പൈലറ്റ് (Pilot) നിങ്ങൾ തന്നെയാണ്. ആകയാൽ എഴുന്നേൽക്കുക. നിങ്ങളുടെ ജീവിതത്തെ വിജയമാക്കിത്തീർക്കുക. സാത്താന്റെ കള്ളത്തരങ്ങളെ വിശ്വസിക്കണ്ട. ദൈവത്തിന്റെ സത്യങ്ങളെ വിശ്വസിച്ച് ജീവിക്കുക.

**ജാമക്കാരൻ–** ഇന്ന് ക്രൈസ്തവ മണ്ഡലത്തിൽ അവഗണിക്കപ്പെട്ട് ഒതുക്കപ്പെട്ട സ്ത്രീകൾ ധാരാളമുണ്ട്. ഞാൻ ആലോചന പറയുമ്പോൾ സ്ത്രീകൾ കൂടുതൽ പ്രശ്നങ്ങൾ ഉള്ളവരായാണ് എന്നെ സമീപിക്കുന്നത്. പലരും ഭർത്താക്കന്മാർ അവഗണിക്കുന്നതുകൊണ്ട് വിധവമാരെപ്പോലെ ജീവിതം നയിക്കുന്നു. ഇവരൊക്കെയും കഴിഞ്ഞ കാലങ്ങളിൽ കോളേജിൽ, സയേൻ പ്രാർത്ഥനാ കൂട്ടായ്മകൾ നടത്തിവന്നവരാണ്. പക്ഷേ പല സാഹചര്യങ്ങൾ മൂലം നിരാശരായി ഇപ്പോൾ, വ്യക്തിപരമായ പ്രാർത്ഥന നഷ്ടപ്പെട്ട് തിരുവചനം വായന, ധ്യാനം, എന്നിവ നഷ്ടപ്പെട്ട് സ്വന്ത ഭവനത്തിൽ ഒറ്റപ്പെട്ടു പകൽ സമയം കരയുവാൻ കഴിയാതെ, രാത്രിയിൽ എല്ലാവരും ഉറങ്ങിയശേഷം കണ്ണീരൊഴുക്കി ജീവിക്കുന്നവർ. സഹോ – ലില്ലിയന്റെ ഈ ലേഖനം ഇതു വായിക്കുന്ന എല്ലാവർക്കും ഉത്തേജനം നൽകും എന്നതിൽ സംശയമില്ല. ലേഖനത്തിൽ പറയപ്പെടുന്ന ചില കാര്യങ്ങൾ നിങ്ങൾക്ക് സ്വീകരിക്കാൻ പ്രയാസമായിരിക്കും എങ്കിലും ഇതിന്റെ ഉദ്ദേശം അതിശയിക്കത്തക്കതാണ്. സഹോദരി എഴുതിയ പുസ്തകങ്ങൾ നിങ്ങൾക്ക് ആവശ്യമെങ്കിലോ, ഈ ലേഖനത്തിലെ പ്രതിപാദ്യ വിഷയത്തെക്കുറിച്ച് സംശയങ്ങൾ ഉണ്ട് എങ്കിൽ Dr. Lillyan അവർകളോട് കത്തുമുഖേനയോ, ഇ-മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്. ദൈവം Dr.Lillyanന് നൽകിയ താലന്തുകൾക്കായി (കഴിവുകൾ)ക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. സഹോദരിയുടെ ജീവിത അനുഭവം ഈ ലേഖനത്തിൽ പ്രതിഫലിക്കുന്നു. എന്നാൽ എല്ലാ സ്ത്രീകളെയും, നിശ്ചയമായും ബലപ്പെടുത്തി, കിടക്കയിൽ നിന്ന് നിങ്ങളെ എഴുന്നേൽപിക്കും എന്നതിൽ സംശയമില്ല. ഈ ലേഖനത്തെക്കുറിച്ചുള്ള വിമർശനങ്ങൾ എനിക്ക് എഴുതാതെ സഹോദരിക്ക് നേരിൽ എഴുതി മറുപടി പ്രാപിക്കുക. കത്തിടപാടപാടുകൾക്ക് Dr. Lillyan Stanley, MBBS.,DCH., Blessing Youth Mission Church Colony, Gandhi Nagar, Vellore - 632 006, Tamil Nadu, E-mail - hq@bymonline.org. ❖❖❖❖❖❖❖❖❖❖❖❖

## ദയവായി ശ്രദ്ധിക്കുക

10 വർഷത്തിൽ ഒരു പ്രാവശ്യം ജാമക്കാരൻ Mailing list പുതുക്കുന്നത് പതിവാണ്. അതുകൊണ്ട് ഈ വർഷം നിങ്ങളുടെ അഡ്രസ്സിൽ മാറ്റങ്ങൾ ഉണ്ടെങ്കിൽ നിങ്ങളുടെ ഫോൺ നമ്പറോടു കൂടെ എന്നെ എഴുതി അറിയിക്കുവാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. നിങ്ങളുടെ അഡ്രസ്സിൽ അക്ഷരതെറ്റുണ്ടെങ്കിലും ദയവായി എഴുതി അറിയിക്കുക. നിങ്ങളുടെ അഡ്രസ്സ് slip ന്റെ മുകളിലുള്ള കൂപ്പൺ നമ്പരും ചേർത്ത് അറിയിച്ചാൽ നന്നായിരിക്കും. ഇ-മെയിൽ മുഖാന്തിരമായും എന്നെ അറിയിക്കാവുന്നതാണ്. Email - jamakaran@yahoo.com

## ജാമക്കാരൻ വേണ്ട

ജാമക്കാരൻ (മാസിക നിങ്ങളുടെ ആത്മാവിന് ഉപയോഗപ്രദം ആകുന്നില്ല എങ്കിൽ) നിങ്ങൾക്ക് ലഭിക്കുന്ന മാസികയുടെ മുകളിൽ REFUSED എന്നെഴുതി നിങ്ങളുടെ അഡ്രസ്സ്, വെട്ടി തിരിച്ചയയ്ക്കുക (Stamp വേണ്ട). അങ്ങനെ ചെയ്താൽ നിങ്ങളുടെ അഡ്രസ്സ് ഞങ്ങളുടെ Mailing List-ൽ നിന്നു നീക്കുവാൻ സാധിക്കും. ഇതിന് നിങ്ങൾ സഹകരിക്കും എന്ന് വിശ്വസിക്കുന്നു. നന്ദി

# കുവൈറ്റ് (Kuwait) തമിഴ്സഭാ കൺവെൻഷൻ







കുവൈറ്റിൽ ഉള്ളതായ സി.എസ്.ഐ. തമിഴ് കോൺഗ്രിഗേഷൻ നടന്ന യോഗങ്ങൾ വളരെ അനുഗ്രഹമായിരുന്നു. റവ.നോബിൾ ഗംഭീരം. എല്ലായോഗങ്ങളെയും നേതൃത്വം വഹിച്ച് നടത്തി ശ്രീ.ജോൺസൺ സഭാ സെക്രട്ടറി യോഗത്തിന്റെ ക്രമീകരണങ്ങൾ വളരെ പ്രാർത്ഥനയോടു കൂടെ ചെയ്തത് വളരെ അനുഗ്രഹീതമായിരുന്നു. ദൈവനാമം മഹത്വപ്പെടട്ടെ. വെള്ളിയാഴ്ച നടത്തുന്ന സി.എസ്.ഐ. മലയാള ആരാധനയിലും ഞാൻ പ്രസംഗിക്കുകയുണ്ടായി.

# കോയമ്പത്തൂർ സി.എസ്.ഐ. ഡയോസീസ് സി.എസ്.ഐ.ക്രിസ്റ്റ് ചർച്ച് കൺവെൻഷൻ




കോയമ്പത്തൂർ, തിരുച്ചി റോഡരികിലുള്ള സി.എസ്.ഐ. ക്രിസ്റ്റ് ചർച്ചിൽ നടത്തപ്പെട്ട യോഗങ്ങൾ എല്ലാം ഇത്തവണയും വളരെ അനുഗ്രഹകരമായിരുന്നു. ശനിയാഴ്ച വ്യക്തിപരമായ ഉപദേശത്തിനായി ധാരാളം ആളുകൾ വന്നു. ആലോചന പ്രാപിച്ച് പ്രാർത്ഥിച്ച് പോയി. കോയമ്പത്തൂരിലുള്ള ജാമക്കാരൻ വായനക്കാരുടെ കുടുംബങ്ങളെയും സന്ദർശിക്കുവാൻ ഇത്തവണ അവസരം ലഭിച്ചു. റവ.എബനേസർ മണി അവർകൾ വളരെ ഉത്സാഹപൂർവ്വം ഓരോ ദിവസവും യോഗങ്ങൾക്കായുള്ള ക്രമീകരണങ്ങളിൽ ശ്രദ്ധിച്ചത് അഭിനന്ദാർഹമാണ്. യോഗങ്ങൾ വളരെ അനുഗ്രഹമായിരുന്നു. ദൈവത്തിന് മഹത്വം ഉണ്ടാകട്ടെ.

## തിരുനെൽവേലി സി.എസ്.ഐ. മഹായിടവകയിലുള്ള വിക്രമസിംഹപുരം കൺവെൻഷൻ



വിക്രമസിംഹപുരം സി.എസ്.ഐ. കൺവെൻഷൻ വളരെ അനുഗ്രഹകരമായി നടന്നു. റവ.അരുൾരാജ് ഓരോ ദിവസവും യോഗങ്ങൾ പ്രാർത്ഥിച്ച് ആരംഭിച്ചു. യോഗത്തിനായുള്ള ക്രമീകരണങ്ങൾ തിരുസൊർണ്ണ (Superintendent of Post Offices) അവർകളോട് മറ്റു വിശ്വാസികളും ചേർന്ന് പ്രാർത്ഥനയോടെ ചെയ്തതുകൊണ്ട് യോഗങ്ങൾ എല്ലാം വളരെ അനുഗ്രഹപ്രദമായിരുന്നു. ദൈവത്തിനു മഹത്വം ഉണ്ടാകട്ടെ.

# തിരുച്ചി, തഞ്ചാവൂർ, സി.എസ്.ഐ. മഹായിടവകയിൽ ഉൾപ്പെട്ട കൂത്തംപുണ്ടി കൺവെൻഷൻ



ഒട്ടൻചത്രം എന്ന സ്ഥലത്തിന് സമീപമായുള്ള കുത്തംചൂണ്ടി എന്നതായ ചെറിയ ഗ്രാമത്തിൽ മൂന്നു ദിവസങ്ങളിലായ് നടന്ന യോഗങ്ങൾ

ഗ്രാമീണർക്ക് യേശുക്രിസ്തുവിന്റെ വചനം മൂലം വലിയ അനുഗ്രം ലഭിക്കുവാനായി രണ്ടു വർഷങ്ങൾക്കു മുമ്പേ ഈ യോഗങ്ങൾക്കായി ഞാൻ തിയതി നൽകിയിരുന്നു. ഗ്രാമത്തിലെ എല്ലാ ജനങ്ങളും വളരെ നാളുകളുടെ പരിശ്രമഫലമായി ഉത്സാഹത്തോടെ എല്ലാ ക്രമീകരണങ്ങളും ചെയ്തു. ഒട്ടൻ ചരിത്രം സി.7 (ക്രിസ്ത്യൻ ഫെല്ലോഷിപ്പ്) ആശുപത്രിയിലുള്ളതായ ഡോക്ടർമാരും, വിശ്വാസികളും 3 ദിവസത്തെ യോഗങ്ങളിലും പങ്കെടുത്തു. കുത്തംപുണ്ടി സി.എസ്.ഐ.ദേവാലയം റവ.എല്ലീസ് എന്ന മിഷണറി മുഖേന 90 വർഷങ്ങൾക്കു മുമ്പ് പണിയപ്പെട്ടതാണ്. ചുറ്റുപാടുമുള്ള ഒൻപതു ഗ്രാമത്തിലെ ജനങ്ങളും ഈ യോഗങ്ങളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു. വലിയ നഗരങ്ങളിൽ ഞാൻ പ്രസംഗിക്കുമ്പോൾ ലഭിക്കാത്ത സംതൃപ്തിയും സന്തോഷവും ഇവിടെ ലഭിച്ചു. വെഹോ അയ്യാദുരെയും സഭയിലെ വിശ്വാസികളും ചേർന്ന് യോഗങ്ങൾക്കായുള്ള ക്രമീകരണങ്ങൾ പ്രശംസനീയമാംവിധം ചെയ്തു. ഞായറാഴ്ച എല്ലീസ് നഗർ (താരാപുരം) സി.എസ്.ഐ. ദേവാലയത്തിൽ രാവിലത്തെ ആരാധനയിൽ പങ്കെടുത്തു.

ഡിസ്ട്രിക്ട് ചർച്ച് കൗൺസിൽ ചെയർമാൻ റവ.നളിനി ഇമ്മാനുവേൽ എന്നെ പൊന്നാട അണിയിച്ച് ബഹുമാനിക്കുവാനുള്ള ക്രമീകരണം ചെയ്തിരുന്നു. റവ.ജെയ്ദശീലൻ, (TELC Bishop Rt.Rev.Jayaseelan) അവർകളും ലോകവനിതാ ദിനത്തിനായുള്ള പ്രത്യേക ദൂത് അറിയിച്ചു. ദൈവനാമം മഹത്വപ്പെടട്ടെ.

## C.S.I. CENTRAL KARNATAKA DIOCESE NEW BISHOP

**Central കർണ്ണാടക C.S.I.ഡയോസിസിൽ പുതിയ ബിഷപ്പ് ആയി Rev.പ്രസന്നകുമാർ സാമുവേൽ അവർകളെ തെരഞ്ഞെടുത്തു. വളരെക്കാലത്തെ പോരാട്ടത്തിനുശേഷം ബിഷപ്പ് ആയി അഭിഷേകം ചെയ്യപ്പെട്ടു. പണം കൊടുത്ത് ബിഷപ് പദവി വാങ്ങിക്കാത്ത ശുദ്ധിയുള്ള കൈകൾ ഉള്ളതെന്ന് പേർ ലഭിച്ച വ്യക്തിയാണ് ഇദ്ദേഹം. കർണ്ണാടക സംസ്ഥാനത്തിൽ ആദ്യത്തെ തമിഴ് ബിഷപ്പായി ഇദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. Rt. Rev. Dr. Prasannakumar Samuel അവർകളെ എന്റെ സ്വന്തം പേരിലും ജാമക്കാരൻ വായനക്കാരുടെ പേരിലും അഭിനന്ദിക്കുന്നു. അദ്ദേഹത്തിനു വേണ്ടി നമുക്ക് തുടർന്നും പ്രാർത്ഥിക്കാം. (ഇദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള വിവരങ്ങൾ മാസികയിൽ അകത്തെ (Page-10) പേജുകളിൽ നിങ്ങൾക്ക് വായിക്കുവാൻ സാധിക്കും.)**



**APRIL 2015**

# Printed Book/Book Post

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.